2024 DECEMBER
06
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ടാറ്റ പ്രൊജക്ട്സ് വിപണിയിലേയ്ക്ക്




**കൊച്ചി:** ടാറ്റ ഗ്രൂപ്പിന്റെ മറ്റൊരു കമ്പനികൂടി വിപണിയിൽ ലിസ്റ്റ് ചെയ്യുന്നു. എൻജിനിയറിങ്, കൺസ്ട്രക്ഷൻ മേഖലയിൽ പ്രവർത്തിക്കുന്ന ടാറ്റ പ്രൊജക്ട്സ് ആണ് ഐപിഒക്കുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചത്. ഒരുവർഷത്തിനുള്ളിൽ ലിസ്റ്റ് ചെയ്തേക്കുമെന്നാണ് റിപ്പോർട്ടുകൾ.

പുതിയ പാർലമെന്റ് മന്ദിരം, മുംബൈയിലെ അടൽ സേതു തുടങ്ങിയവ കമ്പനിയുടെ പ്രധാന പ്രൊജക്ടുകളിൽ ചിലതായിരുന്നു. സങ്കീർണമായ പദ്ധതികൾ കൈകാര്യം ചെയ്യുന്നതിലെ മികവ് കമ്പനിയുടെ നേട്ടമായി വിലയിരുത്തുന്നു. നിർമാണ പ്രവർത്തനങ്ങൾക്ക് പുറമെ, അർധചാലകങ്ങൾ, ഹരിത ഊർജം, ഡാറ്റ സെന്റർ തുടങ്ങിയ മേഖലകളിലെ പദ്ധതികളും കമ്പനി ലക്ഷ്യമിടുന്നുണ്ട്.

ടിസിഎസ്, ടാറ്റ പവർ, ഇന്ത്യൻ ഹോട്ടൽസ്, ടാറ്റ സ്റ്റീൽ, ടാറ്റ ഇലക്ട്രോണിക്സ് എന്നീ ടാറ്റ ഗ്രൂപ്പ് കമ്പനികളുടെ വിവിധ പദ്ധതികൾക്ക് നേതൃത്വം നൽകുന്നതും ടാറ്റ പ്രൊജക്ട്സ് ആണ്. മൊത്തം പദ്ധതികളിൽ ഗ്രൂപ്പിന്റെ വിഹിതം മാത്രം 20 ശതമാനത്തിലേറെയാണ്.

2024 മാർച്ച് 31 വരെയുള്ള കണക്കു പ്രകാരം കമ്പനിയിലെ 57.31 ശതമാനം ഓഹരി വിഹിതവും ടാറ്റ സൺസിന്റെ കൈവശമാണ്. ടാറ്റ പവർ(30.81%), ടാറ്റ കെമിക്കൽസ് (6.16%), വോൾട്ടാസ് (4.30%), ടാറ്റ ഇൻഡസ്ട്രീസ് (1.42%) എന്നിങ്ങനെയാണ് മറ്റ് ടാറ്റ കമ്പനികളുടെ ഓഹരി വിഹിതം.

2024 ജൂണിലെ കണക്കുപ്രകാരം 44,000 കോടി രൂപയുടെ പദ്ധതികളാണ് ടാറ്റ പ്രൊജക്ടിനുള്ളത്. ഇവയിൽ 90 ശതമാനവും ഇന്ത്യയിൽ നിന്നുള്ളതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിയുടെ ഏകീകൃത മൊത്തവരുമാനം 17,761 കോടി രൂപയും അറ്റാദായം 81.97 കോടി രൂപയുമായിരുന്നു. ഇതിന് മുമ്പത്തെ സാമ്പത്തിക വർഷം 855.65 കോടി രൂപയുടെ നഷ്ടം കമ്പനി രേഖപ്പെടുത്തിയിരുന്നു.

2004ൽ ടിസിഎസിന്റെ ലിസ്റ്റിങിന് ശേഷം ഏറെ നാളുകൾ കഴിഞ്ഞായിരുന്നു ടാറ്റ സൺസിന്റെ മറ്റൊരു കമ്പനിയായ ടാറ്റ ടെക്നോളജീസ് കഴിഞ്ഞ വർഷം വിപണിയിലെത്തിയത്.



## യുഎൽ അന്താരാഷ്ട്ര സുസ്ഥിരനിർമ്മാണ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** സുസ്ഥിരവികസനം സംബന്ധിച്ച് കൃത്യമായ ലക്ഷ്യം ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ ശതാബ്ദിയാഘോഷത്തിൻറെ ഭാഗമായി 'സുസ്ഥിരനിർമ്മാണം നൂതനസാങ്കേതികതയും സമ്പ്രദായങ്ങളും' എന്ന വിഷയത്തിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ സംഘടിപ്പിച്ച മൂന്നു ദിവസത്തെ യുഎൽ അന്താരാഷ്ട്ര സുസ്ഥിരനിർമ്മാണ കോൺക്ലേവ് കൊല്ലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മുൻമന്ത്രിമാരായ ഡോ. റ്റി. എം. തോമസ് ഐസക്ക്, ഷിബു ബേബി ജോൺ, ജില്ലാപ്പഞ്ചായത്ത് പ്രസിഡൻറ് ഡോ. പി. കെ. ഗോപൻ, ഇൻഡ്യാഗവണ്മെൻറിൻറെ ഡയറക്ടർ ഡോ. മനോരഞ്ജൻ പരിദാ, നാഷണൽ കൗൺസിൽ ഫോർ സിമൻറ് ആൻഡ് ബിൽഡിങ് മെറ്റീരിയൽസ് ഡയറക്ടർ ജനറൽ ഡോ. എൽ. പി. സിങ്, അമേരിക്കയിലെ അരിസോണ സർവ്വകലാശാലയിലെ പ്രൊഫ. നാരായണൻ നെയ്താലത്ത്, ഐഐടി മദ്രാസിലെ പ്രൊഫ. കോശി വർഗ്ഗീസ് ജില്ലാപ്പഞ്ചായത്ത് അംഗം അഡ്വ. സി. പി. സുധീഷ് കുമാർ, ആസൂത്രണബോർഡ് അംഗം ഡോ. കെ. രവിരാമൻ, ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സന്തോഷ് തുപ്പാശേരിൽ, നീണ്ടകര ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് കെ. രാജീവൻ, നീണ്ടകര ഗ്രാമപ്പഞ്ചായത്ത് അംഗം പി. ആർ. രജിത്ത്, ഊരാളുങ്കൽ സൊസൈറ്റി ചെയർമാൻ രമേശൻ പാലേരി, എംഡി എസ്. ഷാജു എന്നിവർ ചടങ്ങിൽ സംസാരിച്ചു.

## കുതിച്ചുയർന്ന് ബിറ്റ്കോയിൻ; മൂല്യം ഒരു ലക്ഷത്തിലധികം




**കൊച്ചി:** കുതിച്ചുയർന്ന് ബിറ്റ്കോയിൻ മൂല്യം. നാലാഴ്ചയ്ക്കിടെ 45 ശതമാനത്തോളം വർധനവാണ് ബിറ്റ്കോയിൻറെ മൂല്യത്തിൽ ഉണ്ടായിരിക്കുന്നത്. നിലവിൽ ഒരു ലക്ഷമാണ് ബിറ്റ്കോയിൻറെ മൂല്യം. യുഎസ് പ്രസിഡൻറായി ഡോണൾഡ് ട്രംപ് അധികാരമേറ്റതിൽ പിന്നെയാണ് ബിറ്റ്കോയിന് നല്ല കാലം തുടങ്ങിയത്.

ട്രംപ് വിജയിക്കുകയും ഗവൺമെൻറ് എഫിഷ്യൻസി വകുപ്പിലേക്ക് ഇലോൺ മസ്കും പോൾ അറ്റ്കിൻസും നിയമിതരാകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തതോടെ ക്രിപ്റ്റോകറൻസി വിപണി ആത്മവിശ്വാസം വീണ്ടെടുക്കുകയായിരുന്നു.

## ഡൽഹിയിൽ വായുമലിനീകരണത്തിൽ കുറവ്; നിയന്ത്രണങ്ങളിൽ ഇളവ് നൽകാമെന്ന് സുപ്രീംകോടതി

**ന്യൂഡൽഹി:** ഡൽഹിയിലെയും സമീപ പ്രദേശങ്ങളിലെയും വായു മലിനീകരണം കണക്കിലെടുത്ത് നടപ്പിലാക്കിയ ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ സ്റ്റേജ് 4 പിൻവലിക്കാമെന്ന് സുപ്രീം കോടതി. വായുമലിനീകരണ തോതിൽ കുറവ് രേഖപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിലാണ് നിർദേശം. ഡൽഹിയിലെ അന്തരീക്ഷ മലിനീകരണം തടയുന്നതിനുള്ള നടപടികളുമായി ബന്ധപ്പെട്ട വിഷയത്തിൽ വാദം കേൾക്കുമ്പോലാണ് സുപ്രധാന തീരുമാനം.

ഒരു മാസമായി ഡൽഹിയിൽ വലിയ തോതിലുള്ള വായു മലിനീകരണമാണ് അനുഭവപ്പെട്ടിരുന്നത്. പലയിടങ്ങളിലും നേരത്തെ രേഖപ്പെടുത്തിയ വായു ഗുണനിലവാര സൂചിക 700നും മുകളിലായിരുന്നു. ഇതിനിടെ കാഴ്ചാപരിധി 200 മീറ്ററിൽ താഴെയായി കുറഞ്ഞ ദിവസങ്ങളും ഉണ്ടായി. ഡൽഹിയിൽ ഇന്ന് രേഖപ്പെടുത്തിയ വായുഗുണനിലവാരം 161 ആണ്. ഗുണ നിലവാരം മോഡറേറ്റ് വിഭാഗത്തിൽ തുടരുന്നതിനാലാണ് നിയന്ത്രണങ്ങൾ നീക്കാൻ സുപ്രീം കോടതി അനുമതി നൽകിയത്.






# പുത്തനാശയങ്ങൾ പകർന്ന് ടൈകോൺ കേരള 2024

**കൊച്ചി:** സംരംഭക മേഖലയിലേക്ക് പുതു തലമുറയെ വാർത്തെടുക്കാൻ ടൈകോൺ കേരള നൽകുന്ന അവസരം വളരെ വലുതെന്ന് സംസ്ഥാന റവന്യു മന്ത്രി കെ.രാജൻ. കേരളം സംരംഭകത്വത്തിൽ മുന്നേറുമ്പോൾ ഇത്തരം സമ്മേളനങ്ങൾ വഹിക്കുന്ന വലിയ പങ്കാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഗ്രാൻഡ് ഹയാത്തിൽ നടന്ന കേരളത്തിലെ ഏറ്റവും വലിയ സംരംഭകത്വ സമ്മേളനമായ 'ടൈകോൺ കേരള 2024 ന്റെ സമാപന ദിവസം ടൈ അവാർഡ് ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

"റവന്യുതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിരവധി പുതിയ സംരംഭകത്വ പദ്ധതികൾ അവതരിപ്പിച്ചിട്ടുണ്ട്. 2023 ഡിസംബറിൽ അവതരിപ്പിച്ച ഭൂപതിവ് ചട്ടമുൾപ്പെടെയുള്ള പുതിയ നയമാറ്റങ്ങളിലൂടെ കേരളം സംരംഭകർക്ക് പ്രയോജനപ്രദമായ പദ്ധതികൾ അവതരിപ്പിക്കുന്ന സംസ്ഥാനമായി മാറിയിരിക്കുകയാണ്. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ എട്ട് ഇൻഡിക്കേഷനുകളും സ്വന്തമാക്കി വ്യവസായ സൗഹാർദ സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതെത്തി. പരിസ്ഥിതി സൗഹാർദവും സുസ്ഥിര സാമ്പത്തിക വളർച്ചയും ഉറപ്പാക്കിക്കൊണ്ടുള്ള വ്യവസായിക ക്ലസ്റ്ററുകൾ ത്വരിതപ്പെടുത്തിയും പ്രാദേശിക ഉൽപ്പാദനം പ്രോത്സാഹിപ്പിച്ചും സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ വളർത്തിയും കേരളം സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നു" അദ്ദേഹം പറഞ്ഞു.

എല്ലാ വീട്ടിലും ഒരു സംരംഭകൻ എന്ന ആശയവുമായി പ്രവർത്തിക്കുന്ന ടൈകോൺ വ്യവസായിക വാണിജ്യ മേഖലകളിൽ പുതിയ ഉണർവാണ് നൽകുന്നതെന്നും സർക്കാരിന്റെ എല്ലാ പിന്തുണയും അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.

തെലങ്കാന കൈവരിച്ച സംരംഭക മുന്നേറ്റത്തെക്കുറിച്ച് തെലങ്കാന മുൻ ഐ.ടി, വ്യവസായ മന്ത്രിയും എം.എൽ.എ.യുമായ കെ.ടി.രാമ റാവു സംസാരിച്ചു; ഡിസ്റപ്ഷൻ എന്നു പറയുന്നത് വെറും സ്റ്റാർട്ടപ്പുകളിലോ യുവസംരംഭകത്വത്തിലോ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല അത് ഒരു സംസ്ഥാനത്തിന്റെ പോളിസികളിലാണ് പ്രതിഫലിക്കേണ്ടത്. സംരംഭകത്വത്തെ സഹായിക്കുന്ന നയരൂപീകരണത്തിലാണ് ഡിസ്റപ്ഷൻ വരേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. ഒരു സംസ്ഥാനം സംരംഭകസൗഹൃദമാകണമെങ്കിൽ സംരംഭകർ തന്നെ സംരംഭങ്ങൾക്കായി സ്വയം അനുമതികൾ നൽക്കുന്ന നിലയിലേക്ക് എത്തണം. സെൽഫ് സർട്ടിഫിക്കേഷൻ അപകടകരമാകുന്നത് ഒരു സംരംഭം ആരംഭിച്ച് അത് സമൂഹത്തിനെതിരായ എന്തെങ്കിലും പ്രവർത്തനങ്ങളിലോ ഫലങ്ങളിലോ പരിണമിക്കുമ്പോഴാണ്. എന്നാൽ സ്വയം അനുമതികൾ നൽകുന്നതോടൊപ്പം സംരംഭത്തിന്റെ എല്ലാ സാമൂഹിക ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കാനും തയ്യാറാകണം. തെലങ്കാനയിൽ ഉള്ള പോളിസി ഇങ്ങനെയാണ്; ഒരു സംരംഭകൻ സംരംഭക അനുമതിക്കായി സർക്കാരിനെ സമീപിച്ച് 15 ദിവസത്തിനുള്ളിൽ 16ാം ദിവസം സ്വയം അനുമതി നൽകി സംരംഭകത്വ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകാം. ജനബാഹുല്യം നിറഞ്ഞ ബാംഗ്ലൂർ പോലുള്ള നഗരങ്ങളിലേക്ക് അവസരങ്ങൾ തേടിപ്പോകുന്നതിന് പകരം കേരളത്തിൽ തന്നെ സംരംഭകത്വ അവസരങ്ങൾ സൃഷ്ടിക്കപ്പെടണം. മെന്റർ നെറ്റ് വർക്കും സർക്കാർ സഹായവും ടൂറിസവും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികളിലൂടെ കേരളത്തിന് ഇത് എളുപ്പത്തിൽ നേടിയെടുക്കാവുന്നതാണ്.

ആറ് വിഭാഗങ്ങളിലായാണ് ടൈ കേരള അവാർഡുകൾ വിതരണം ചെയ്തത്. അവാർഡുകൾ എന്റർപ്രണർ ഓഫ് ദി ഇയർ: ഇവിഎം ഗ്രൂപ്പ് ഓഫ് കമ്പനീസ്(ഓട്ടോമൊബൈൽ ഡിവിഷൻ) മാനേജിംഗ് ഡയറക്ടർ സാബു ജോണി; നെക്സ്റ്റ് ജെൻ എന്റർപ്രണർ: മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ്; ഇക്കോസിസ്റ്റം എനേബ്ലർ അവാർഡ്: കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ (കെഎയു) അഗ്രിബിസിനസ് ഇൻകുബേറ്ററിന്റെ പ്രൊഫസറും മേധാവിയുമായ ഡോ. കെ.പി. സുധീർ; സ്റ്റാർട്ടപ്പ് എന്റർപ്രണർ ഓഫ് ദി ഇയർ: ഫ്ലെക്സിക്ലൗഡ് സഹസ്ഥാപകയും സിഇഒയുമായ അനൂജ ബഷീർ; സോഷ്യൽ ഇംപാക്ടർ ഓഫ് ദി ഇയർ: ആക്രി ആപ്പിന്റെ സ്ഥാപകനും സിഇഒയുമായ ജി. ചന്ദ്രശേഖർ; ഇന്നൊവേറ്റർ ഓഫ് ദി ഇയർ: ഇൻടോട്ട് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ രജിത്ത് നായർ.

തെലങ്കാന മുൻ ഐ.ടി, വ്യവസായ മന്ത്രിയും എം.എൽ.എ.യുമായ കെ.ടി.രാമറാവു, മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ്, ടൈ കേരള പ്രസിഡന്റ് ജേക്കബ് ജോയ്, കാൻ പ്രസിഡന്റ് രവീന്ദ്രനാഥ് കമ്മത്ത്, ടൈകോൺ കേരള ചെയർ വിവേക് കൃഷ്ണ ഗോവിന്ദ്, ടൈ അവാർഡ്സ് ചെയർ വിനയ് കൈനഡി, ടൈ കേരള മുൻ പ്രസിഡന്റ് ദാമോദർ അവനൂർ; ടൈ ഗ്ലോബൽ ബോർഡ് ഓഫ് ട്രസ്റ്റീസ് വൈസ് ചെയർമാൻ മുരളി ബുക്കപട്ടണം, ടൈകേരള നിയുക്ത വൈസ് പ്രസിഡന്റ് ജീമോൻ കോര എന്നിവർ അവാർഡ് ദാന ചടങ്ങിൽ സംസാരിച്ചു.



വത്തിക്കാനിൽ നടന്ന ലോക സർവ്വമത കോൺഫറസിന്റെ ഭാഗമായി ഡോ. സുരേഷ് കുമാർ മധുസൂദനനും ഡോ. പ്രകാശ് ദിവാകരനും ചേർന്നു രചിച്ച യൂണിവേഴ്സൽ ഹാർമണി ശ്രീനാരായണ ഗുരൂസ് ബ്ലൂ പ്രിന്റ് ഫോർ പീസ് ആന്റ് പ്രോഗ്രസ് എന്ന ഇംഗ്ലീഷ് പുസ്തകം കർദിനാൽ ജോർജ്ജ് ജേക്കബ് കൂവക്കാട് ശിവഗിരി മഠം പ്രസിഡന്റ് ബ്രഹ്മശ്രീ സച്ചിദാനന്ദ സ്വാമികൾക്ക് നല്കി നിർവ്വഹിക്കുന്നു. സംഘാടക സമിതി സെക്രട്ടറി വീരേശ്വരാനന്ദ സ്വാമികളും ഡോ. സുരേഷ്കുമാർ മധുസൂദനനും സമീപം

## ശ്രീനാരായണ ഗുരുസ് ബ്ലൂ പ്രിന്റ് ഫോർ പീസ് ആന്റ് പ്രോഗ്രസ്സ് പ്രകാശനം ചെയ്തു

വത്തിക്കാൻ: വത്തിക്കാനിൽ നടന്ന ലോക സർവ്വമത സമ്മേളനത്തിന്റെ ഭാഗമായി ഡോ. സുരേഷ് കുമാർ മധുസൂദനനും ഡോ. പ്രകാശ് ദിവാകരനും ചേർന്നു രചിച്ച യൂണിവേഴ്സൽ ഹാർമണി ശ്രീനാരായണ ഗുരൂസ് ബ്ലൂപ്രിന്റ് ഫോർ പീസ് ആന്റ് പ്രോഗ്രസ് എന്ന ഇംഗ്ലീഷ് പുസ്തകം കർദിനാൽ ജോർജ്ജ് ജേക്കബ് കൂവക്കാട് ശിവഗിരി മഠം പ്രസിഡന്റ് ബ്രഹ്മശ്രീ സച്ചിദാനന്ദ സ്വാമികൾക്ക് നല്കി പ്രകാശനം നിർവ്വഹിച്ചു. പുസ്തകത്തിന്റെ ഒരു കോപ്പി വിശുദ്ധ പോപ്പ് ഫ്രാൻസിസിനും നല്കി

അന്താരാഷ്ട്ര വായനക്കാർക്ക് ഗുരുവിനെയും ഗുരുസന്ദേശങ്ങളും പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ കൃതി രചിച്ചതെന്നു രചയിതാക്കൾ അഭിപ്രായപ്പെട്ടു. ശിവഗിരിമഠം ജനറൽ സെക്രട്ടറി ശ്രീമദ് ശുഭംഗാനന്ദ സ്വാമികൾ, സംഘാടക സമിതി സെക്രട്ടറി വിരേശ്വരാനന്ദ സ്വാമികൾ, ഋതംബരാനന്ദ സ്വാമികൾ, കർണ്ണാടക നിയമസഭ സ്പീക്കർ യു ടി ഖാദർ, പാണക്കാട് സായ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ, കെ മുരളീധരൻ മുരളീയ, കെ ജി ബാബുരാജ്, ചാണ്ടി ഉമ്മൻ എം എൽ എ, ഫാ. ബെൻ പോൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## വാട്സ് യുവർ ഹൈ സീസൺ3 വിജയികൾക്ക് പുരസ്കാരം വിതരണം ചെയ്തു

**കൊച്ചി:** പ്രമുഖ ക്രിയേറ്റീവ് ഏജൻസി പോപ്കോൺ സംഘടിപ്പിച്ച ലഹരിവിരുദ്ധ ക്യാംപയിൻ 'വാട്സ് യുവർ ഹൈ' വാൾ ആർട്ട് മത്സരം മൂന്നാം പതിപ്പിന്റെ വിജയികളെ പ്രഖ്യാപിച്ചു. കേരള ക്രിക്കറ്റ് ലീഗ് ടീം ഫിനെസ് തൃശൂർ ടൈറ്റൻസിന്റെ സഹകരണത്തോടെ നടത്തിയ മത്സരത്തിൽ കണ്ണൂർ സ്വദേശി നിധിൻ ബാബു ഒന്നാം സ്ഥാനവും, കൊടുങ്ങല്ലൂർ സ്വദേശി റഷീദ് സുലൈമാൻ, കണ്ണൂർ സ്വദേശി നിധിൻ സി എന്നിവർ രണ്ടും മൂന്നും സ്ഥാനവും കരസ്ഥമാക്കി. കൊച്ചി ലോട്ടസ് ക്ലബിൽ നടന്ന ചടങ്ങിൽ വിജയികൾക്ക് പുരസ്കാരം വിതരണം ചെയ്തു.

പ്രമുഖ മലയാള ചലച്ചിത്ര കലാ സംവിധായകൻ അജയൻ ചാലിശേരിയുടെ നേതൃത്വത്തിലുള്ള പ്രത്യേക ജൂറിയാണ് വിജയികളെ തെരഞ്ഞെടുത്തത്. പ്രഥമ കേരള ക്രിക്കറ്റ് ലീഗിന്റെ ഭാഗമായി സ്പോർട് ഈസ് അവർ ഹൈ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മൂന്നാം പതിപ്പിൽ കേരളത്തിൽ നിന്നുള്ള ഇരുന്നൂറിലധികം കലാകാരന്മാർ മത്സരത്തിൽ പങ്കെടുത്തു. ഭൂരിഭാഗം ചിത്രങ്ങളും കലാപരമായി ഉന്നത നിലവാരം പുലർത്തിയെന്നും വിഷയത്തോട് പൂർണമായും നീതി പുലർത്തിയെന്നും ജൂറി വിലയിരുത്തി.വിവിധ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ മാനസികവും ശാരീരികവുമായ ആരോഗ്യം മെച്ചപ്പെടുത്തി, ലഹരിയുപയോഗം ഒഴിവാക്കുവാൻ യുവതലമുറയെ പ്രേരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മൂന്നാം സീസൺ സംഘടിപ്പിച്ചത്. മയക്കുമരുന്ന് ഉപയോഗത്തിനെതിരെ പൊതുജനത്തെ ബോധവത്കരിക്കേണ്ടത് അനിവാര്യമാണെന്ന ചിന്തയാണ് വാട്സ് യുവർ ഹൈ എന്ന ക്യാമ്പയിന് തുടക്കം കുറിക്കാൻ കാരണമെന്ന് പോപ്കോൺ ക്രിയേറ്റീവ്സ് പാർട്ണർ രതീഷ് മേനോൻ പറഞ്ഞു. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നവർ ലഹരിക്ക് അടിമപ്പെടാനുള്ള സാധ്യത കുറവാണെന്നും അതിനാൽ സ്പോർട്സ് ഈസ് യുവർ ഹൈ എന്ന ക്യാമ്പയിന്റെ ഭാഗമാകുവാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും ഫിനെസ് തൃശൂർ ടൈറ്റൻസ് ഉടമ സജാദ് സേഠ് പറഞ്ഞു.

# സീസണിലെ നെല്ലുവില ഈയാഴ്ച തന്നെ നൽകിത്തുടങ്ങും ഭക്ഷ്യമന്ത്രി ജി ആർ അനിൽ

**ആലപ്പുഴ:** ഇത്തവണത്തെ സീസണിലെ നെല്ല് സംഭരണം പുരോഗമിക്കുകയാണെന്നും ഇതുവരെ സംഭവിച്ച നെല്ലിൻറെ വില ഈയാഴ്ച തന്നെ നൽകി തുടങ്ങാനാവുമെന്നും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. ഇത്തവണത്തെ നെല്ലുവില നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ് . ധനവകുപ്പിൽ നിന്ന് വില നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. ഇത്തവണ ഇതുവരെ 5138 കർഷകരിൽ നിന്ന് 16,268 മെട്രിക് ടൺ നെല്ലാണ് സംഭവിച്ചത്. 46 കോടി രൂപയുടെ നെല്ല് ഉണ്ടിത്. സർക്കാർ 175 കോടി രൂപ അനുവദിച്ചു കഴിഞ്ഞു. വെള്ളിയാഴ്ചയോ ശനിയാഴ്ചയോ തുക കർഷകർക്ക് നൽകി തുടങ്ങുമെന്ന് മന്ത്രി പറഞ്ഞു. ഒരു കർഷക സംഘടന ആലപ്പുഴ കളക്ടറേറ്റിനു മുൻപിൽ നടത്തുന്ന നിരാഹാര സമരത്തിൻറെ പശ്ചാത്തലത്തിലാണ് മന്ത്രി അടിയന്തരയോഗം കലക്ടറേറ്റിൽ വിളിച്ചത്. ഭക്ഷ്യ മന്ത്രി ഓൺലൈനായി പങ്കെടുത്ത യോഗത്തിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദും ഓൺലൈനായി പങ്കെടുത്തു. തോമസ് കെ . തോമസ് എംഎൽഎ, ജില്ലാ കളക്ടർ അലക്സ് വർഗീസ്, വിവിധ കർഷക സംഘടന പ്രതിനിധികൾ, സമര സമിതിയുടെ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. 2023 24 വർഷത്തെ മുഴുവൻ നെല്ലിന്റെയും പണം സർക്കാർ നൽകി കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി ജി.ആർ. അനിൽ യോഗത്തിൽ പറഞ്ഞു.

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി അർദ്ധവാർഷിക സമ്മേളനം കൊച്ചിയിൽ 7 ന്

**കൊച്ചി:** കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന അർദ്ധവാർഷിക സമ്മേളനം പാലാരിവട്ടം പി.ഒ.സിയിൽ ഡിസംബർ 7ന് രാവിലെ 10 മുതൽ 3 വരെ നടക്കുമെന്ന് സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള അറിയിച്ചു. മദ്യവിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ. ജോൺ ആരീക്കൽ അധ്യക്ഷത വഹിക്കുന്ന സമ്മേളനം ചെയർമാൻ ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ് ഉദ്ഘാടനം ചെയ്യും.കേരള കത്തോലിക്കാ സഭയുടെ സീറോ മലബാർലത്തീൻമലങ്കര റീത്തുകളിലെ 32 അതിരൂപതാരൂപതകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട രൂപതാ ഭാരവാഹികളും റീജണൽ, സംസ്ഥാന ഭാരവാഹികളും സമ്മേളനത്തിൽ പങ്കെടുക്കും.




# ലോക ഭിന്നശേഷി ദിനം: പാരാലിമ്പിക്സ് ചാമ്പ്യന്മാരെ ആദരിച്ച് എസ്ബിഐ

**കൊച്ചി:** അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (എസ്ബിഐ) ആഭിമുഖ്യത്തിൽ 2024 പാരീസ് പാരാലിമ്പിക്സിൽ ചാമ്പ്യന്മാരായ 29 ഇന്ത്യക്കാരെയും ക്യാഷ് പ്രൈസ് നൽകി ആദരിച്ചു.

പാരീസ് പാരാലിമ്പിക് ഗെയിംസിലെ ഇന്ത്യയുടെ പ്രകടനം രാജ്യത്തിന്റെ കായിക യാത്രയിലെ അവിസ്മരണീയ നിമിഷമായിരുന്നെന്ന് എസ്ബിഐ ചെയർമാൻ സി.എസ്. ഷെട്ടി പറഞ്ഞു. തടസങ്ങൾ മറികടന്ന് പൂർണ്ണ നിശ്ചയദാർഢ്യത്തോടെയാണിവർ മികച്ച വിജയം കൈവരിച്ചത്. ഇവരെ പിന്തുണക്കുന്നത് വലിയ ബഹുമതി ആയാണ് എസ്ബിഐ കാണുന്നതെന്നും കായിക രംഗം കൂടുതൽ അഭിവൃദ്ധി പ്രാപിക്കുന്നതിനുള്ള ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലുള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് ഇതെന്നും അദ്ദേഹം പറഞ്ഞു.

202425 വർഷത്തെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ കൃത്രിമ കൈകാൽ നിർമ്മാണ കോർപറേഷനുമായുള്ള (അലിംകോ) സഹകരണവും എസ്ബിഐ പ്രഖ്യാപിച്ചു. രാജ്യമൊട്ടാകെ 20 സ്ഥലങ്ങളിലായി 9000ത്തോളം ഭിന്നശേഷിക്കാർക്ക് ഇതിലൂടെ ഉപകരണങ്ങൾ വിതരണം ചെയ്യും. വ്യക്തിഗത ശാക്തീകരണം, ഉൾപ്പെടുത്തൽ, കായിക രംഗത്തെ പിന്തുണയ്ക്കൽ തുടങ്ങിയവയിലുള്ള എസ്ബിഐയുടെ സമർപ്പണമാണ് ഇതിലൂടെ തെളിയുന്നത്.

ഹർവീന്ദർ സിങ്, സുമിത് അന്റിൽ, ധരംബീർ, പ്രവീൺ കുമാർ, നവ്ദീപ് സിങ്, നിതേഷ് കുമാർ, അവാനി ലെഖാര എന്നിവരാണ് 2024 പാരാലിമ്പിക്സിൽ സ്വർണ മെഡൽ നേടിയത്.

നിഷാദ് കുമാർ, യോഗേഷ് കത്തുനിയ, ശരദ് കുമാർ, അജീത് സിങ്, സച്ചിൻ ഖിലാരി, പ്രണവ് സൂർമ, തുളസിമതി മുരുഗേശൻ, സുഹാസ് യഥിരാജ്, മനീഷ് നർവാൾ എന്നിവർ വെള്ളിയും ശീതൾ ദേവി, രാകേഷ് കുമാർ, പ്രീതി പൽ, ദീപ്തി ജീവൻജി, മാരിയപ്പൻ തങ്കവേലു, സുന്ദർ സിങ് ഗുർജാർ, ഹൊകാതോ ഹൊതൊസെ സെമ, സിമ്രാൻ ശർമ, മനീഷ രാംദാസ്, നിത്യ ശ്രീ ശിവൻ, കപിൽ പാർമർ, മോണ അഗർവാൾ, റുബീന ഫ്രാൻസിസ് എന്നിവർ വെങ്കലവും നേടി.

## സർക്കാർ സേവനങ്ങൾ വേഗത്തിൽ പ്രാപ്യമാക്കും മന്ത്രി കെ. രാജൻ

**കൊച്ചി:** വിവര സാങ്കേതികവിദ്യയുടെ പിൻബലത്തിൽ സർക്കാർ സേവനങ്ങൾ വേഗത്തിലും ആയാസരഹിതമായും പൊതുജനങ്ങളിലേക്ക് എത്തിക്കുമെന്ന് റവന്യു വകുപ്പ് മന്ത്രി കെ. രാജൻ പറഞ്ഞു.

കുമ്പളങ്ങി സ്മാർട്ട് വില്ലേജ് ഓഫീസിന്റെയും തോപ്പുംപടി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെയും ഉദ്ഘാടനം കുമ്പളങ്ങി വില്ലേജ് ഓഫീസ് അങ്കണത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജ് ഓഫീസുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത്. വില്ലേജ് ഓഫീസുകളിൽ നിന്ന് ലഭ്യമാകുന്ന 24 ൽ 23 സേവനങ്ങളും. ഓൺലൈനാക്കി. പത്ത് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികൾക്കായി എട്ട് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാനും അപേക്ഷ നൽകാനും പണമടയ്ക്കാനുമുള്ള സംവിധാനവും നടപ്പാക്കി.ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി സമ്പൂർണമായി ഡിജിറ്റൽ റീസർവേയ്ക്ക് വിധേയമാകുന്ന സംസ്ഥാനം കേരളമാണ്. ഡിജിറ്റൽ റീസർവേയിലൂടെ 5,17000 ഹെക്ടർ ഭൂമി അളന്നു തിട്ടപ്പെടുത്തി.




ക്ലബ് ഓഫ് സലൂണിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന ക്രിസ്ത്യൻ ബ്രൈഡൽ ഷോയിൽ പങ്കെടുത്തവർ ഉമാതോമസ് എം.എൽ.എയ്ക്കൊപ്പം

# ശ്രദ്ധേയമായി ക്രിസ്ത്യൻ ബ്രൈഡൽ ഷോ

**കൊച്ചി :** ക്ലബ് ഓഫ് സലൂണിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന ക്രിസ്ത്യൻ ബ്രൈഡൽ ഷോ ശ്രദ്ധേയമായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 51 ലധികം മുൻനിര മേക്കപ്പ് ആർട്ടിസ്റ്റുകളും മോഡലുകളും എറണാകുളം ബോൾഗാട്ടി പാലസിൽ നടന്ന ബ്രൈഡൽ ഷോയിൽ അണിനിരന്നു. തൃക്കാക്കര എം.എൽ.എ ഉമാ തോമസ് ഉദ്ഘാടനം ചെയ്തു.സംഘാടക സമിതി ചെയർമാൻ അനിൽ ജോബ് അധ്യക്ഷത വഹിച്ചു. കൊച്ചി നഗരസഭാ കൗൺസിലർ ആന്റണി പൈനുതറ സംസാരിച്ചു കേരളത്തിലാദ്യമായിട്ടാണ് ഇത്തരത്തിൽ ഒ രു ഷോ അരങ്ങേറുന്നതെന്ന് അനിൽ ജോബ് പറഞ്ഞു.

# കേരള ബാംബൂ ഫെസ്റ്റ് 2024 ഡിസംബർ 7 മുതൽ കൊച്ചിയിൽ

**കൊച്ചി:**വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന 21മത് കേരള ബാംബൂ ഫെസ്റ്റ് എറണാകുളം മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ 2024 ഡിസംബർ 7 ശനിയാഴ്ച ആരംഭിക്കും. വൈകുന്നേരം 6.30 ന് നിയമവ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഫെസ്റ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കും. 2024 ഡിസംബർ 12 വരെയാണ് ഫെസ്റ്റ്. മുള മേഖലയിലെ കരകൗശല പ്രവർത്തകരും മുള മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ ഗവേഷണ സ്ഥാപനങ്ങളും ഫെസ്റ്റിൽ പങ്കെടുക്കും.

ഉദ്ഘാടന ദിവസം 2024 ഡിസംബർ 7 ന് വൈകുന്നരം 6.30 മുതൽ 8.30 മണി വരെയും ഫെസ്റ്റ് ദിവസങ്ങളിൽ രാവിലെ 10.30 മുതൽ രാത്രി 8.30 മണി വരെയുമാണ് മേളയുടെ പ്രവേശന സമയം. പ്രവേശനം സൗജന്യമാണ്. 180 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും 300ഉം കേരളത്തിന് പുറത്തു 10 സംസ്ഥാനങ്ങളിൽ നിന്നും 50 ഓളം കരകൗശലപ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളും ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നു. ഇതിന് പുറമെ രാജ്യത്തിന് പുറത്തുനിന്നുള്ള കരകൗശല പ്രവർത്തകരെ പങ്കെടുപ്പിക്കുന്നതിനായി ഭൂട്ടാനിൽ നിന്നുമുള്ള ബാംബൂ കരകൗശല പ്രവർത്തകരും മേളയിൽ പങ്കെടുക്കുന്നു.

സംസ്ഥാന ബാംബൂ മിഷൻ മുഖേന സംഘടിപ്പിച്ച ഡിസൈൻ വർക്ക്ഷോപ്പിലും, പരിശീലന പരിപാടികളിലും രൂപകൽപ്പന ചെയ്ത പുതുമയുള്ളതും വ്യത്യസ്ഥവുമായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി പ്രത്യേക ബാംബൂ ഗ്യാലറിയും സജ്ജമാക്കും. ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുളവാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാ സാംസ്കാരിക പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, മുളയരി, മുളകൂമ്പ് എന്നിവയിൽ നിർമ്മിച്ച വിവിധ ഭക്ഷ്യ ഉല്പന്നങ്ങളുടെ സ്റ്റാളുകളും മുള നഴ്സറികളും ഈ മേളയിൽ ഉണ്ടായിരിക്കുന്നതാണ്.

# ലോക വോളണ്ടിയർ ദിനത്തിൽ ദുരന്തമേഖലകളിലെ സന്നദ്ധ പ്രവർത്തകരെ ആലുവയിലെ സന്നദ്ധ പ്രവർത്തക കൂട്ടായ്മ ആദരിച്ചു

**ആലുവ:** ലോക വോളണ്ടിയർ ദിനത്തിൽ ദുരന്തമേഖലകളിലെ സന്നദ്ധ പ്രവർത്തകരെ ആലുവയിലെ സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മ ആദരിച്ചു. ആലുവ സെന്റ് സേവ്യേഴ്സ് കോളജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ വോളണ്ടിയർ ദിനാചരണം പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസ് ഉത്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പാൾ ഡോ. മിലൻ ഫ്രാൻസ് അധ്യക്ഷത വഹിച്ചു. തിരക്കേറിയ ജീവിതത്തിനിടയിൽ സ്വന്തം കാര്യം മാത്രം നോക്കാതെ സമൂഹത്തിന്റെ നന്മയ്ക്കും ക്ഷേമത്തിനും വേണ്ടി നിലകൊള്ളുന്ന വോളണ്ടിയർമാർ മനുഷ്യ സമൂഹത്തിന് മുതൽക്കൂട്ടാണെന്ന് അദ്ദേഹം അനുസ്മരിച്ചു. വയനാട് ദുരന്തത്തിൽ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളിലും കോവിഡ് കാലത്തും സ്വയം മറന്ന് സാമൂഹ്യ പ്രവർത്തനത്തിൽ ഏർപ്പെട്ട സന്നദ്ധ പ്രവർത്തകരെയും രക്തഅവയവദാന മേഖലകളിൽ പ്രവർത്തിക്കുന്നവരെയുമാണ് ലോക വോളണ്ടിയർ ദിനത്തിൽ ആദരിച്ചത്. ടീം



ഇന്ത്യാ, സ്കൂബാ ടീം കുഞ്ഞുണ്ണിക്കര, പറവൂർ റെസ്ക്യൂ ടീം, കലിമ ബ്ലഡ് ഡോണർ ഫോറം മുപ്പത്തടം, ജീവൻ ബ്ലഡ് ഡോണർ ഫോറം, ആലുവ ബ്ലഡ് ബാങ്ക് തുടങ്ങിയവ സംഘടനകൾക്ക് പുറമേ വ്യക്തിപരമായി സാമൂഹ്യ പ്രവർത്തനത്തിൽ ഏർപ്പെട്ടവരെയും മെമെന്റോ നൽകി ആദരിക്കുകയുണ്ടായി. സെൻറ് സേവ്യേഴ്സ് എൻ.എസ്.എസ്. യൂണിറ്റ്, ജനസേവ ശിശുഭവൻ, ഇന്ത്യൻ റെഡ് ക്രോസ്, മധ്യകേരള ഐ.എം.എ., അൻവർ പാലിയേറ്റീവ് കെയർ തുടങ്ങിയ സംഘടനകളുടെ ആഭിമുഖ്യത്തിലാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. ജോബി തോമസ്, ജോസ് മാവേലി എന്നിവർ നേതൃത്വം നല്കി. ഡോ. സി. എം. ഹൈദരാലി മുഖ്യപ്രഭാഷണം നടത്തി. സി. ചാൾസ്, ഫാ. യേശുദാസ് പഴമ്പിള്ളി, ഡോ. മേരി അനിത, അഡ്വ. ചാർളി പോൾ, ഇ.എ. ഷബീർ, ഇ. എ. അബൂബക്കർ, ഡോ. ലേഖ, ഡോ. മരിയാ പോൾ, ഡോ. വിജയ കുമാർ, പി. എ. ഹംസ കോയ തുടങ്ങിയവർ പ്രസംഗിച്ചു

# നേര്യമംഗലം ഫാംഫെസ്റ്റ് ഇന്ന് ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന നേര്യമംഗലം ഫാം ഫെസ്റ്റ് ഡിസംബർ ആറിനു വൈകിട്ട് നാലിന് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. ഡിസംബർ 6, 7, 8, 9 തീയതികളിലാണ് ഫെസ്റ്റ്. കാർഷിക പ്രദർശനവും വിപണനവും, സെമിനാറുകൾ, കുട്ടികൾക്കുള്ള കാർഷിക ക്വിസ്, കാർഷിക യന്ത്രങ്ങളുടെ സർവീസ് ക്യാമ്പ്, കലാപരിപാടികൾ, ഫാം വാക്ക്, കുതിര സവാരി, വടംവലി എന്നിവ ഫാം ഫെസ്റ്റിന്റെ ഭാഗമായി നടക്കും. ഉദ്ഘാടന ചടങ്ങിൽ ആന്റണി ജോൺ എംഎൽഎ അധ്യക്ഷത വഹിക്കും. അഡ്വ. ഡീൻ കുര്യാക്കോസ് എംപി മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, വൈസ് പ്രസിഡന്റ് അഡ്വ.എൽസി ജോർജ്, ജില്ലാ പഞ്ചായത്തംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

## കാർഷികയന്ത്രങ്ങളുടെ കേടുപാടുകൾ സൗജന്യമായി പരിഹരിക്കാം

**കൊച്ചി:** കാർഷിക യന്ത്രോപകരണങ്ങളുടെ നാലുദിന സർവീസ് ആന്റ് റിപ്പയറിംഗ് ക്യാമ്പുകളും ഫെസ്റ്റിനോടനുബന്ധിച്ച് നടത്തും. കർഷകരുടെയും കാർഷിക കൂട്ടായ്മകളുടെയും സ്വകാര്യ വ്യക്തികളുടെയും പ്രവർത്തനരഹിതമായ കാർഷിക യന്ത്രസാമഗ്രികൾ പ്രവർത്തനക്ഷമമാക്കും. യന്ത്രങ്ങളുടെ റിപ്പയറിംഗും മൈനർ റിപ്പയറുകൾക്ക് ആവശ്യമായ സ്പെയർ പാർട്സുകളുടെ വിലയും സൗജന്യമായിരിക്കും (പരമാവധി 1,000 രൂപ). കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്കും കർഷക സംഘങ്ങൾക്കും ഇപ്പോൾ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമുകൾക്കും കോതമംഗലം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയവുമായോ, കാര്യാലയത്തിനു കീഴിലുള്ള കൃഷി ഭവനുകളുമായോ എറണാകുളം കാക്കനാടുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ ബന്ധപ്പെടാം (ഫോൺ: 8943198880, 9496246073).



# കൊച്ചി വാട്ടർ മെട്രോയ്ക്ക് ദേശീയ അവാർഡ്

**കൊച്ചി:** പ്രവർത്തനം, സാങ്കേതിക വൈദഗ്ധ്യം, സേവനം തുടങ്ങിയവയിലെ മികവിന് സ്കോച്ച് ഗ്രൂപ്പ് നൽകുന്ന ദേശീയ അവാർഡ് കൊച്ചി വാട്ടർ മെട്രോയ്ക്ക് ലഭിച്ചു. മികച്ച രീതിയിൽ പ്രവർത്തിക്കുകയും ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുകയും ചെയ്യുന്ന ഗതാഗത മേഖലയിലെ പദ്ധതിക്കുള്ള ഗോൾഡ് മെഡലാണ് കൊച്ചി വാട്ടർ മെട്രോയ്ക്ക് ലഭിച്ചത്. രാജ്യത്തെ മികച്ച ദേശമാക്കിമാറ്റാൻ തനത് സംഭാവനകൾ നൽകുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പദ്ധതികൾക്കും നൽകിവരുന്ന അവാർഡാണിത്. ന്യൂഡെൽഹിയിൽ നടന്ന ചടങ്ങിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനുവേണ്ടി ഡയറക്ടർ പ്രോജക്ട്സ് ഡോ. എം.പി രാംനവാസ് സ്കോച്ച് ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ.ഗുർഷരൺ ധൻജാലിൽ നിന്നും അവാർഡ് സ്വീകരിച്ചു. സ്കോച്ച് ഗ്രൂപ്പ് ചെയർമാൻ സമീർ കൊച്ചാർ സന്നിഹിതനായിരുന്നു.രാജ്യാന്തര പുരസ്കാരമായ ഗുസ്റ്റാവ് ട്രൂവേ അവാർഡ്, ഷിപ്ടെക് ഇന്റർനാഷണൽ അവാർഡ്, ഇക്കണോമിക് ടൈംസ് എനർജി ലീഡർഷിപ്പ് അവാർഡ്, തുടങ്ങി നിരവധി പുരസ്കാരങ്ങൾ കൊച്ചി വാട്ടർ മെട്രോയ്ക്ക് ലഭിച്ചിട്ടുണ്ട്.




കെ എം എ സ്പോർട്സ് ലീഗിൽ ക്രിക്കറ്റ് മത്സരത്തിൽ ജേതാക്കളായ സൗത്ത് ഇന്ത്യൻ ബാങ്ക് ടീം.

# കെഎംഎ കോർപ്പറേറ്റ് സ്പോർട്ട്സ് ലീഗ് നടന്നു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ കോർപ്പറേറ്റ് സ്പോർട്സ് ലീഗ് സംഘടിപ്പിച്ചു.ക്രിക്കറ്റ് മത്സരത്തിൽ 19 ടീമും ഫുട്ബോളിൽ 9 ടീമുകളും പങ്കെടുത്തു. ക്രിക്കറ്റ് മത്സരത്തിൽ മൂന്നാം വർഷവും സൗത്ത് ഇന്ത്യൻ ബാങ്ക് ജേതാക്കളായി. കോഗ്നിസന്റിനെയാണ് ഇവർ പരാജയപ്പെടുത്തിയത്.ഫുട്ബോൾ മത്സരത്തിൽ കാർഗോമാറിനെ പരാജയപ്പെടുത്തി ആപ്റ്റിവ് ജേതാക്കളായി. തുടർച്ചയായ മൂനാം വർഷമാണ് കെ എം എ കോർപ്പറേറ്റ് സ്പോർട്സ് ലീഗ് നടത്തുന്നത്.മികച്ച ബാറ്റ്സ്മാനായി പ്രജിത് (കോഗ്നിസന്റ്), മികച്ച ബൗളറായി രവിശങ്കർ (കോഗ്നിസന്റ്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. പ്ലയർ ഓഫ് ഫൈനൽ ആയി അജേഷ് (സൗത്ത് ഇന്ത്യൻ ബാങ്ക്) തെരഞ്ഞെടുക്കപ്പെട്ടു.ഗോൾഡൻ ബൂട്ട് വാസുദേവ് (കാർഗോമാർ), ഗോൾഡൻ ബോൾ പി വി ആദിത്യൻ (ആപ്റ്റിവ്), ഗോൾഡൻ ഗ്ലോവ് (അനീഷ് (ആപ്റ്റിവ്) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ ഉദ്ഘാടനം ചെയ്തു. സ്പോർട്സ് ലീഗ് ചെയർമാൻ ബാലഗോപാൽ അധ്യക്ഷത വഹിച്ചു.

# ഡീക്കന്മാരുടെ സംഗമം നടന്നു

**കാക്കനാട്:** സഭാശുശ്രൂഷയ്ക്കും സമൂഹത്തിന്റെ നന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിക്കുന്നവരാകണം വൈദികരെന്നു മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ . സീറോമലബാർസഭയിൽ ഈ വർഷം പൗരോഹിത്യം സ്വീകരിക്കാൻ ഒരുങ്ങുന്ന ഡീക്കന്മാരുടെ സംഗമം സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സീറോമലബാർസഭയിലെ എല്ലാ രൂപതകളിൽ നിന്നും സന്യാസ സമൂഹങ്ങളിൽ നിന്നുമായി 289 വൈദിക വിദ്യാർഥികളാണ് പരിശീലനം പൂർത്തിയാക്കി ഈ വർഷം പൗരോഹിത്യത്തിനായി ഒരുങ്ങുന്നത്. ഇതിൽ 221 ഡീക്കന്മാർ സംഗമത്തിൽ പങ്കെടുത്തു. രാവിലെ പത്തുമണി മുതൽ വൈകിട്ട് നാലുമണി വരെ വിവിധ പരിപാടികളോടെയാണ് സംഗമം സംഘടിപ്പിക്കപ്പെട്ടത്.

മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ വിശുദ്ധ കുർബാന യർപ്പിച്ച് സന്ദേശം നൽകി. സീറോമലബാർ കമ്മീഷൻ ഫോർ ക്ലെർജിയുടെ ചെയർമാൻ മാർ ടോണി നീലങ്കാവിലും, കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കലും സത്യാനന്തര കാലഘട്ടത്തിലെ പൗരോഹിത്യ ശുശ്രൂഷയിലെ വെല്ലുവിളികളുടെ വിവിധ തലങ്ങളെക്കുറിച്ച് ഡീക്കന്മാരുമായി സംവദിച്ചു. ക്ലെർജി കമ്മീഷൻ സെക്രട്ടറി ഫാ. ജോജി കല്ലിങ്ങൽ, ഓഫീസ് ഇൻ ചാർജ് സി. ലിൻസി അഗസ്റ്റിൻ എം എസ് എം ഐ എന്നിവർ സംഗമത്തിനു നേതൃത്വം നൽകി.

# തെങ്ങുകയറണോ; വിളിക്കു ചങ്ങാതിക്കൂട്ടത്തിനെ

**കൊച്ചി:** നാളികേരത്തിന്റെ വിളവെടുപ്പിനും, പരിചരണത്തിനുമായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഹലോ നാരിയൽ കോൾ സെന്ററിലേയ്ക്ക് വിളിച്ച് കേര കർഷകർക്ക് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കാം.

സേവനം ലഭ്യമാകുന്നതിനായി തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. ഇതുവരെ 985 ചങ്ങാതിമാരാണ് കോൾ സെന്ററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്.

വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാം.

# സിഎംഎഫ്ആർഐയിൽ വിവിധ ഗവേഷണ പ്രൊജക്ടുകളിൽ ഒഴിവുകൾ

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തുന്ന വിവിധ ഗവേഷണ പ്രൊജക്ടുകളിൽ യങ് പ്രൊഫഷണലിന്റെ താൽകാലിക ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യങ് പ്രൊഫഷണൽ -രണ്ട് :

കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ഡീപ് ഓഷ്യൻ മിഷൻ സ്കീമിന്റെ ഭാഗമായുള്ള ഗവേഷണ പ്രൊജക്ടിൽ യങ് പ്രൊഫഷണൽരണ്ട് തസ്തികയിൽ മൂന്ന് ഒഴിവുകളുണ്ട്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 18.യങ് പ്രൊഫഷണൽ-ഒന്ന് :

ഫിഷ് ന്യൂട്രീഷൻ വിഭാഗത്തിൽ യങ് പ്രൊഫഷണൽഒന്ന് തസ്തികയിൽ ഒരു ഒഴിവാണുള്ളത്. ഇതിലേക്ക് ഡിസംബർ 17 വരെ അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. www.cmfri.org.in

# മീൻവലകളിലെ ഈയക്കട്ടികൾക്ക് പകരം സ്റ്റെയിൽലെസ് സ്റ്റീൽ; ബദൽ സംവിധാനവുമായി ഐ.സി.എ.ആർ.സിഫ്ട്

**കൊച്ചി:** മീൻ വലകളിൽ ഉപയോഗിക്കുന്ന വിഷാംശമുള്ള ഈയക്കട്ടികൾക്ക് ബദൽ സംവിധാനവുമായി കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റ്. ഈയത്തിനു പകരം സ്‌റ്റെയിൻലെസ് സ്റ്റീൽ ഉപയോഗിച്ച് സിഫ്ട് നടത്തിവരുന്ന പരീക്ഷണങ്ങൾ വിജയകരമായെന്ന് സിഫ്റ്റിലെ ഫിഷിങ് ടെക്നോളജി വിഭാഗം മേധാവി ഡോ. എം പി രമേശൻ പറഞ്ഞു.ചില രാജ്യങ്ങൾ ഈയം പിടിപ്പിച്ച വലകളും ചൂണ്ടകളും ഉപയോഗിക്കുന്നത് നിരോധിച്ചുകഴിഞ്ഞു. ബദൽ സംവിധാനങ്ങൾ ഇന്ത്യയിൽ നടപ്പാക്കാനുള്ള പദ്ധതികൾ കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന്റെ അനുമതിക്കായി സിഫ്ട് സമർപ്പിച്ചിട്ടുണ്ട്. ഈ സംരംഭം രാജ്യത്തിലെ മത്സ്യബന്ധന രീതികളെ ആഗോള പാരിസ്ഥിതിക നിലവാരവുമായി യോജിപ്പിക്കുകയും രാജ്യത്തിന്റെ സമുദ്രോത്പന്ന കയറ്റുമതി വിപണിയെ സംരക്ഷിക്കുകയും ചെയ്യുമെന്ന് ഡോ. എം പി രമേശൻ പറഞ്ഞു.ഒരു പേഴ്സീൻ വലയിൽ ആയിരം കിലോയിലധികം



ഈയം ഉപയോഗിക്കുന്നു. ട്രോൾ വലകളിൽ 70 കിലോവരെ ഈയം ഉപയോഗിക്കുന്നവരുണ്ട്. വലകൾ സമുദ്രത്തിനടിയിലൂടെ നിരന്തരം വലിക്കുമ്പോൾ ഏതാണ്ട് പകുതിയോളം ഈയം 6 മാസത്തിനുളിൽ തേയ്മാനം മൂലം നഷ്ട്ടപെട്ടുപോകുന്നതായി മൽസ്യതൊഴിലാളികൾ പറയുന്നു. ഈ മലിനീകരണം സമുദ്രജീവികളെ ബാധിക്കാൻ സാധ്യതയുണ്ട്. ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളി സംഘടനകൾ തങ്ങളുടെ ആശങ്കകൾ അറിയിക്കുകയും പരിസ്ഥിതി സൗഹൃദ ബദലുകൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര ഫിഷറീസ് മന്ത്രി ജോർജ്ജ് കുര്യന് നിവേദനം നൽകിയിട്ടുണ്ട്.സുസ്ഥിര മത്സ്യബന്ധന സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനുള്ള സിഫ്റ്റിന്റെ നൂതനമായ സമീപനം സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ചുവടുവെപ്പാണ്.




# സ്കോഡ ഓട്ടോ ഇന്ത്യ കൈലാക്ക് ശ്രേണി: 7.89 ലക്ഷം രൂപ് പ്രാരംഭ വില

**കോട്ടയം:** വാഹന വിപണിയിൽ മികച്ച വരവേൽപ്പ് ലഭിച്ച സ്കോഡ ഓട്ടോയുടെ ഇന്ത്യയിലെ ആദ്യ ചെറു (സബ്4 മീറ്റർ) എസ് യു വി കൈലാഖിന്റെ വില പ്രഖ്യാപിച്ചു. 7.89 ലക്ഷം രൂപയാണ് പ്രാരംഭ വില. ക്ലാസിക്, സിഗ്നേച്ചർ, സിഗ്നേച്ചർ പ്രസ്, പ്രസ്റ്റീജ് എന്നീ നാല് വകഭേദങ്ങളിൽ പുതുമയാർന്ന ഫീച്ചറുകളുമായയാണ് കൈലാഖിന്റെ വരവ്. ഏറ്റവും ഉയർന്ന വേരിയന്റായ പ്രസ്റ്റീജ് എ ടിയുടെ വില 14.40 ലക്ഷം രൂപയാണ്. ആദ്യത്തെ 33,333 ഉപഭോക്താക്കൾക്ക് മൂന്ന് വർഷ സ്റ്റാൻഡേർഡ് മെയിന്റനൻസ് പാക്കേജ് സൗജന്യമായി ലഭിക്കും.ബുക്കിങ്ങിന് തിങ്കളാഴ്ച തുടക്കമായി. ജനുവരി 27 മുതൽ ഡെലിവറി ആരംഭിക്കും. ഇതിനകം തന്നെ കൈലാഖിന് മികച്ച പ്രതികരണമാണ് വിപണിയിൽ നിന്ന് ലഭിച്ചത്. കൈലാഖ് ക്ലബ് അംഗങ്ങളിൽ നിന്നും ഡീലർഷിപ്പുകൾ വഴിയും 1.60 ലക്ഷത്തിലേറെ പേർ ഈ പുതിയ കാറിൽ താൽപര്യമറിയിച്ചിട്ടുണ്ട്.

കൈലാഖിന്റെ വരവോടെ ഇന്ത്യയിൽ സ്കോഡ പുതിയൊരു യുഗത്തിലേക്ക് കടക്കുകയാണെന്ന് സ്കോഡ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജനിബ പറഞ്ഞു. ഇന്ത്യൻ നിരത്തുകളിൽ യുറോപ്യൻ സാങ്കേതികവിദ്യയെ ജനപ്രിയമാക്കുകയും മികച്ച ഉപഭോക്തൃ അനുഭവം നൽകുകയും ചെയ്യുന്ന കൈലാഖ് ഈ സെഗ്മെന്റിലെ വിപണി സമവാക്യങ്ങളെ മാറ്റിമറിക്കുമെന്നും അദ്ദേഹം പറഞ്ഞു. ആഗോള തലത്തിൽ നവംബറിൽ ഇന്ത്യയിലാണ് ആദ്യമായി കൈലാഖ് അവതരിപ്പിച്ചത്. ഇതിനകം ഈ ചെറു എസ് യു വി ഒരു തരംഗമായി.

ലോകോത്തര രൂപകൽപ്പന, സമാനതകളില്ലാത്ത ഡ്രൈവിംഗ് ഡൈനാമിക്സ്, വിട്ടുവീഴ്ചയില്ലാത്ത സുരക്ഷ, ആകർഷകമായ ഫീച്ചറുകൾ, വിലയ്ക്കൊത്ത് എല്ലാ വേരിയന്റുകളിലും വിശാലമായ ഇന്റീരിയർ തുടങ്ങി ഒട്ടേറെ സവിശേഷതകളുണ്ട്. പുതിയ ഉപഭോക്താക്കളെ സ്കോഡ കുടുംബത്തിലേക്ക് ചേർക്കുക, ഇന്ത്യയിൽ ഞങ്ങളുടെ ബ്രാൻഡ് സാന്നിധ്യം ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളിലേക്ക് കൈലാഖിന്റെ വരവോട് വേഗത്തിലെത്താൻ കഴിയുമെന്ന് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു.




നാട്ടിക കോളേജ് ഓഫ് അപ്ലൈഡ് സയൻസ് കോളേജിന് ഉപകരണങ്ങൾ നൽകുന്നതിന്റെ പദ്ധതി സമർപ്പണം മണപ്പുറം ഫൗണ്ടേഷൻ സിഎസ്ആർ ഹെഡ് ശിൽപ ട്രീസ സെബാസ്റ്റ്യൻ നടത്തുന്നു.

# കോളേജിലേക്ക് ഉപകരണങ്ങൾ കൈമാറി മണപ്പുറം ഫൗണ്ടേഷൻ

**തൃശൂർ:** നാട്ടിക കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കോളേജ് ഉപകരണങ്ങൾ കൈമാറി മണപ്പുറം ഫൗണ്ടേഷൻ. എഴുപതിനായിരം രൂപയോളം വരുന്ന 8 മരക്കസേരകളും, 100 കസേരകളും, 2 ഓഫീസ് ടേബിളുകളും, ഒരു പോഡിയവുമാണ് സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി കാളേജിന് നൽകിയത്. നാട്ടിക കോളേജ് ഓഫ് അപ്ലൈഡ് സയൻസ് പ്രിൻസിപ്പാൾ ഷീജ പി ആർ അധ്യക്ഷത വഹിച്ച പരിപാടിയിൽ തൃശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ വിതരണോദ്ഘാടനം നിർവ്വഹിച്ചു. മണപ്പുറം ഫൗണ്ടേഷൻ സിഎസ്ആർ ഹെഡ് ശിൽപ ട്രീസ സെബാസ്റ്റ്യൻ പദ്ധതി സമർപ്പണം നടത്തി. മൈ ബ്രോ സെയിൽസ് ഹെഡ്. ചന്ദ്രൻ ഇ. വി, സിഎഫ്ഒ ഭവിൻ വേണുഗോപാൽ, കമ്പനി സെക്രട്ടറി അഞ്ജു റോസ് പോൾസൺ കോളേജ് യൂണിയൻ ചെയർമാൻ അശ്വിൻ ഗോപിനാഥ് എന്നിവർ മോളി വർഗ്ഗീസ് വിദ്യ കെ വി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# ഏലത്തിന്റെ അനധികൃത ലേലം; മുന്നറിയിപ്പുമായി സ്പൈസസ് ബോർഡ്

**കൊച്ചി:** അംഗീകൃത ലൈസൻസ് ഇല്ലാത്ത ആളുകളും സ്ഥാപനങ്ങളും നടത്തുന്ന ഏലം ലേലത്തിനെതിരെ മുന്നറിയിപ്പുമായി സ്പൈസസ് ബോർഡ്. ഇത്തരം ലേലങ്ങൾ അനധികൃതമാണെന്നും ലേലങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും സ്പൈസസ് ബോർഡ് പത്രക്കുറിപ്പിലൂടെ അറിയിച്ചു. കേരളത്തിലും തമിഴ്നാട്ടിലും അനധികൃത ഏലക്ക ഇ ലേലം നടക്കുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്പൈസസ് ബോർഡിന്റെ നടപടി.ഏലം വ്യാപാരത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനായി 1987ലെ ഏലം നിയമം (ലൈസൻസിംഗ് ആന്റ് മാർക്കറ്റിംഗ്), 1986ലെ സ്പൈസസ് ബോർഡ് ആക്ട് എന്നിവ പ്രകാരം ലൈസൻസ് കരസ്ഥമാക്കിയവർക്ക് മാത്രമേ ലേല നടപടികൾക്ക് അനുവാദമുള്ളു. ലൈസൻസ് ഉള്ളവർക്ക് ഇടുക്കിയിലെ പുറ്റടി, തമിഴ്നാട്ടിലെ ബോഡിനായ്ക്കനൂർ എന്നിവടങ്ങളിലെ ഇ ലേലത്തിലും മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന ലേലത്തിലും പങ്കെടുക്കാം.

# പുതിയ പരസ്യ കാമ്പയിനുമായി ശ്രീറാം ഫിനാൻസ്

**കൊച്ചി:** രാജ്യത്തെ മുൻനിര ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ ശ്രീറാം ഫിനാൻസ് പുതിയ പരസ്യ കാമ്പയിൻ ആരംഭിച്ചു. നാളിതുവരെ ആർജ്ജിച്ചെടുത്ത ശക്തമായ ഉപഭോക്തൃ ബന്ധത്തെ പ്രമേയമാക്കി, 'ടുഗെതർ വീ സോർ' (ഒന്നായ് ഉയരാം) എന്ന പേരിലാണ് രാജ്യവ്യാപക കാമ്പയിൻ അവതരിപ്പിച്ചത്. ശ്രീറാം ഫിനാൻസിന്റെ ബ്രാൻഡ് അംബാസഡർ രാഹുൽ ദ്രാവിഡ് അഭിനയിച്ച , 'ഹർ ഇന്ത്യൻ കെ സാഥ് : ജുഡെൻഗെ ഉഡേംഗേ.' പരസ്യ ചിത്രത്തിനു ഹിന്ദിയിൽ ശബ്ദം നൽകിയത് പദ്മഭൂഷൺ ജേതാവ് നസറുദ്ധീൻ ഷാ ആണ്. പ്രശസ്ത തമിഴ് ഗാന രചയിതാവ് മധൻ കർക്കി, അക്കാദമി അവാർഡ് ജേതാവും തെലുങ്ക് ഗാന രചയിതാവുമായ കെ എസ് ചന്ദ്രബോസ് എന്നിവർ ചിത്രത്തിന്റെ ഭാഗമായി.രാഹുൽ ദ്രാവിഡിന്റെ ജീവിതത്തിലെ ഒരു അടർത്തിയാണ് ഈ കാമ്പയിൻ ചിത്രീകരിച്ചിരിക്കുന്നത്. ഇടപാടുകാരുടെ ആവിശ്യങ്ങൾ പരിഹരിക്കുന്നതിനോടൊപ്പം അവരെ സാമ്പത്തികമായി ശാക്തീകരിക്കുന്ന ശ്രീറാം ഫിനാൻസിന്റെ ഉൽപനങ്ങളെയും സേവനങ്ങളെയും രാജ്യവ്യാപകമായി എത്തിക്കുകയാണ് പരസ്യ കാമ്പയിനിലൂടെ ലക്ഷ്യമിടുന്നതെന്ന് ശ്രീറാം ഫിനാൻസിന്റെ മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് ഡയറക്ടർ എലിസബത്ത് വെങ്കിട്ടരാമൻ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഓൺലൈൻ ഓഹരി നിക്ഷേപ തട്ടിപ്പ്: ജിയോജിത്തിന്റെ ഡോക്യുമെന്ററി പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** ഓൺലൈൻ ഓഹരി നിക്ഷേപ തട്ടിപ്പുകൾ വർധിച്ചു വരുന്ന സാഹചര്യത്തിൽ ആളുകളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'ദി ഷാഡോ സിൻഡിക്കേറ്റ്' എന്ന പേരിൽഡോക്യുമെന്ററി പുറത്തിറക്കി ജിയോജിത്. ഡോക്യുമെന്ററിയുടെ പ്രകാശനം ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എ.ബാലകൃഷ്ണന്റെ സാന്നിധ്യത്തിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു.

കോടിക്കണക്കിന് രൂപയാണ് രാജ്യത്ത് ഓൺലൈൻ ഓഹരി നിക്ഷേപ തട്ടിപ്പുകളിലൂടെ ആളുകൾക്ക് നഷ്ടമാകുന്നത്. വ്യാജവാഗ്ദാനങ്ങളിലൂടെ പണം ഇരട്ടിയാക്കിത്തരാമെന്ന് പറഞ്ഞാണ് പലരുംതട്ടിപ്പ് നടത്തുന്നത്. ഓഹരിവ്യാപാര ഇടപാടിൽമൂന്ന് പതിറ്റാണ്ടിലേറെ പാരമ്പര്യമുള്ള ജിയോജിത് അടക്കമുള്ള മുൻനിര കമ്പനികളുടെ വ്യാജ ആപ്പുകളും വെബ്സൈറ്റുകളും ഉപയോഗിച്ചും തട്ടിപ്പ് നടക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ്ജിയോജിത് നിക്ഷേപകരിൽതട്ടിപ്പുകളെക്കുറിച്ചുള്ളഅവബോധം സൃഷ്ടിക്കുന്നതിനായി ഡോക്യുമെന്ററി തയാറാക്കിയിരിക്കുന്നത്. ഓൺലൈൻ നിക്ഷേപ രംഗത്തെ തട്ടിപ്പുകൾക്കെതിരെ ജാഗ്രത പുലർത്താൻ ഈ ഡോക്യുമെന്ററി നിക്ഷേപകരെ സഹായിക്കുമെന്ന് ധനമന്ത്രി അഭിപ്രായപ്പെട്ടു.

സാമ്പത്തിക വിദഗ്ധർ, സൈബർ സുരക്ഷാവിദഗ്ധർ, പോലീസ് ഉദ്യോഗസ്ഥർഎന്നിവരിൽ നിന്നുള്ള സ്ഥിതിവിവരക്കണക്കുകൾ എടുത്തുകാണിക്കുന്ന ഡോക്യുമെന്ററി, അത്തരം നിക്ഷേപം നടത്തുന്നതിന് മുമ്പ് ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറയുകയും നഷ്ടമായ പണം വീണ്ടെടുക്കാൻ ഇരകൾക്ക് പിന്തുടരാവുന്ന നടപടികളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം നൽകുകയുംചെയ്യുന്നു. ജിയോജിത് സ്പോട്ട്ലൈറ്റ് എന്ന യൂട്യൂബ് ചാനലിൽ 'ദി ഷാഡോ സിൻഡിക്കേറ്റ്' കാണാവുന്നതാണ്. കെവൈസി ചെയ്യാതെ തന്നെ ഐപിഒകളിലും മറ്റും നിക്ഷേപിച്ചാൽ വൻ വരുമാനം ലഭിക്കുമെന്ന് വാഗ്ദാനം ചെയ്താണ് മിക്ക വ്യാജ ആപ്ലിക്കേഷനുകളും ആളുകളെ വലയിലാക്കുന്നത്. കെവൈസി ഒരു ഭാരമാണെന്ന് ആളുകൾ പൊതുവെ കരുതുന്നതിനാൽ ഇത് ഒരു ആകർഷണമായി തോന്നുന്നു. കെവൈസി നിർബന്ധമാണെന്നും അത് നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നുവെന്നും ഇവർ മനസ്സിലാക്കുന്നില്ല. ഈ ഡോക്യുമെന്ററിയിലൂടെ, ഈ വിഷയത്തെക്കുറിച്ച് അവബോധം വളർത്താനും തട്ടിപ്പുകൾ തടയാനും ഉദ്ദേശിക്കുന്നതായി എ.ബാലകൃഷ്ണൻ പറഞ്ഞു.

ദേശീയ സൈബർക്രൈം പ്രിവൻഷൻ മെക്കാനിസവും ഈ ദൗത്യത്തിൽ ശക്തമായ പിന്തുണ വാഗ്ദാനം ചെയ്യുന്നു. പണം നഷ്ടപ്പെട്ടാൽ അടിയന്തര സഹായം തേടുന്നതിന് ഇരകൾക്ക് ദേശീയ ഹെൽപ്പ്ലൈൻ നമ്പറായ 1930യിൽ ബന്ധപ്പെടാം. അല്ലെങ്കിൽ കേരളപോലീസ് വാട്ട്സ്ആപ്പ് നമ്പറായ 9497980900ൽ ബന്ധപ്പെടുക.ജിയോജിത് ഫൗണ്ടേഷൻ നിർമ്മിച്ച ഈ ഡോക്യുമെന്ററിയുടെസംവിധാനം നിർവഹിച്ചിരിക്കുന്നത് അഭിലാഷ് വില്ലങ്ങാട്ടിലും എഡിറ്റിംഗ് ശ്രീരോഷ് പി. സുരേഷുമാണ്.



# സൂപ്പർ ക്രോസ് ബൈക്ക് റേസ്: റയാൻ ഹെയ്ഗ് ദേശീയ ചാംപ്യൻ

**കൊച്ചി:** രാജ്യത്തെ മികച്ച അഡ്വഞ്ചർ ബൈക്ക് റൈഡേഴ്സ് മാറ്റുരച്ച നാഷണൽ സൂപ്പർ ക്രോസ് ചാംപ്യൻഷിപ്പിന്റെ എസ്എക്സ് 2 വിഭാഗത്തിൽ ഫോർട്ട് കൊച്ചി സ്വദേശി റയാൻ ഹെയ്ഗ് നാഷണൽ ചാംപ്യനായി. ഏലൂരിലെ ഫാക്ട് വളപ്പിൽ ഒരുക്കിയ വിശാലമായ സൂപ്പർക്രോസ്സ് ട്രാക്കിലായിരുന്നു ചാംപ്യൻഷിപ്പിന്റെ ഫൈനൽ നടന്നത്. ആദ്യമായാണ് നാഷണൽ സൂപ്പർക്രോസ് ചാംപ്യൻഷിപ്പ് കേരളത്തിൽ നടത്തിയത്. നാസിക്, ഭോപ്പാൽ, പൂനെ, കോയമ്പത്തൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നടന്ന റൗണ്ടുകളിൽ വിജയികളായവരാണ് കൊച്ചിയിലെ ഫൈനലിൽ മാറ്റുരച്ചത്. ചെറുപ്പം മുതൽക്കേ അഡ്വഞ്ചർ ബൈക്ക് റൈഡിങ്ങിൽ താൽപര്യമുണ്ടായിരുന്ന റയാൻ ഹെയ്ഗിന് മത്സരങ്ങളിൽ പങ്കെടുക്കാനും മറ്റുമായി പിന്തുണ നൽകുന്നത് റേസിംഗ് ബൈക്കുകളുടെ ആക്സസറീസ് നിർമാതാക്കളായ ബാൻഡിഡോസ് ഗ്രൂപ്പിന്റെ മോട്ടോർ സ്പോർട്സ് വിഭാഗമായ ബാൻഡിഡോസ് മോട്ടർ സ്പോർട്സാണ്. അഡ്വഞ്ചർ റേസിംഗ് എന്ന മത്സരയിനം കേരളത്തിൽ ജനപ്രിയമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നാഷണൽ സൂപ്പർ ക്രോസ് ചാംപ്യൻഷിപ്പിന്റെ ഫൈനൽ കൊച്ചിയിൽ നടത്തിയതെന്ന് ബാൻഡിഡോസ് മോട്ടർസ്പോർട്സിന്റെ സംരംഭകരിൽ ഒരാളായ മുർഷിദ് ബാൻഡിഡോസ് പറഞ്ഞു. ചെറുപ്പക്കാർ ഒരുപാട് പേർ ഇത്തരം അഡ്വഞ്ചർ റേസിംഗിനോട് താത്പര്യമുള്ളവരാണെന്നും, മികച്ച താരങ്ങളെ വാർത്തെടുക്കാൻ ബാൻഡിഡോസ് മോട്ടോർസ്പോർട്സിന്റെ എല്ലാവിധ പിന്തുണയും ഉറപ്പാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചാംപ്യൻഷിപ്പിന്റെ ഫൈനൽ കൊച്ചിയിൽ സംഘടിപ്പിച്ചതിൽ നിർണായക പങ്ക് വഹിച്ചത് മുർഷിദാണ്. കൊച്ചിയിൽ നടന്ന ഫൈനലിന് സാക്ഷ്യം വഹിച്ചത് 20000ലധികം പേരാണ്. ബാൻഡിഡോസ് മോട്ടർസ്പോർട്സിന്റെയും മോട്ടർ സ്പോർട്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ഔദ്യോഗിക പ്രമോട്ടറായ ഗോഡ്സ്പീഡിന്റെയും, കെ എം എയുടെയും സഹകരണത്തോടെയാണ് രാജ്യത്തെ ഒന്നാം നിര റേസിംഗ് ചാംപ്യൻഷിപ്പായ നാഷണൽ സൂപ്പർക്രോസ് ചാംപ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

# ഡെങ്കി, മലേറിയ ഇൻഷുറൻസുമായി ഫോൺപേ

**കൊച്ചി :**പ്രതിവർഷം വെറും 59 രൂപ മുതൽ ആരംഭിക്കുന്ന തങ്ങളുടെ പുതിയ ഡെങ്കി, മലേറിയ ഇൻഷുറൻസ് പ്ലാൻ പുറത്തിറക്കിയതായി ഫോൺപേ അറിയിച്ചു. താങ്ങാനാവുന്ന വിലയുള്ള ഈ ഹെൽത്ത് കവറേജ് പ്ലാൻ, പ്രാണികൾ, വായു എന്നിവയിലൂടെ പകരുന്ന രോഗങ്ങളുടെ ചികിത്സാച്ചെലവുകൾക്കായി ഒരു ലക്ഷം രൂപ വരെ ലഭ്യമാക്കുന്ന വർഷം മുഴുവനും സാധുതയുള്ള, സമഗ്രമായ ഒരു കവറേജ് ആണ്. പ്രത്യേകിച്ചും ടയർ 2, ടയർ 3 നഗരങ്ങളിൽ ഉള്ള ഉപഭോക്താക്കൾ ഇത്തരം അസുഖങ്ങൾ മൂലമുണ്ടാകുന്ന അപ്രതീക്ഷിത ചികിത്സാ ചെലവുകളിൽ നിന്ന് വർഷം മുഴുവനും സാമ്പത്തികമായി പരിരക്ഷിക്കപ്പെടുന്നു എന്ന് ഈ ഇൻഷുറൻസ് കവർ ഉറപ്പാക്കുന്നതായി ഫോൺപേ അധികൃതർ വ്യക്തമാക്കി.

# ഫോക്‌ലോർ ഫെസ്റ്റ്: പരിസ്ഥിതി സെമിനാറുകൾ 9 മുതൽ

**കൊച്ചി:** വൈപ്പിൻ ഫോക്‌ലോർ ഫെസ്റ്റിൽ പരിസ്ഥിതി സെമിനാറുകൾ ഈ മാസം 9 മുതൽ 13 വരെ നടക്കും. മണ്ഡലത്തിന്റെ ഭൗമിക, ജീവശാസ്ത്രപരമായ പ്രസക്ത വിഷയങ്ങൾ റൗണ്ട് ടേബിൾ മോഡൽ സെമിനാറിൽ ചർച്ചയാകും. ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ഹാളിൽ 9നു രാവിലെ 9നു ജസ്റ്റിസ് കെ കെ ദിനേശൻ ഉദ്ഘാടനം ചെയ്യും.കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ അധ്യക്ഷനാകും. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് രസികല പ്രിയരാജ്, പ്ലാൻ @ എർത്ത് ഡയറക്ടർ അഗസ്റ്റിൻ ഫെർണാണ്ടസ് പങ്കെടുക്കും. പ്രമുഖർ സെമിനാറിൽ പ്രസംഗിക്കും.9നും10നും ഓച്ചന്തുരുത്ത് സർവ്വീസ് സഹകരണ ബാങ്ക് ഹാളിലാണ് സെമിനാർ. 9നു രാവിലെ 10നു 'കാലാവസ്ഥ വ്യതിയാനം: വെല്ലുവിളികളും പരിഹാരങ്ങളും' എന്ന വിഷയത്തിൽ കുസാറ്റ് മറൈൻ സയൻസ് സ്കൂളിലെ ഡോ. മുഹമ്മദ് ഹാത്ത, കുസാറ്റ് അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫറിക് റഡാർ റിസർച്ചിലെ ഡോ. മനോജ് എം ജി എന്നിവർ സംസാരിക്കും. കുസാറ്റ് ഇൻഡസ്ട്രിയൽ ഫിഷറീസ് സ്കൂളിലെ ഡോ. ഹരീഷ് എൻ രാമനാഥൻ മോഡറേറ്ററാകും.ഉച്ചയ്ക്ക് രണ്ടിന് 'വേമ്പനാട് കരയുന്നു' വിഷയത്തിൽ പി പി ചിത്തരഞ്ജൻ എംഎൽഎ, കുഫോസ് മുൻ വിസി ഡോ. മധുസൂദന കുറുപ്പ്, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും വേമ്പനാട് സംരക്ഷണ സമിതിയുടെയും പ്രതിനിധി ശിവജി എന്നിവർ പ്രസംഗിക്കും. മോഡറേറ്റർ: ഡോ. എം ഹരികൃഷ്ണൻ.10 നു രാവിലെ 10നു വിഷയം: ബ്ലൂ ഇക്കോണമി സാധ്യതകളും ആശങ്കകളും. പ്രഭാഷകർ: ഡോ. പുഷ്പൻ, ചാൾസ് ജോർജ്, ഡോ. മധുസൂദന കുറുപ്പ്, ദിപു സുരേന്ദ്രൻ (ഷിപ്പ് യാർഡ്). മോഡറേറ്റർ: ഡോ. സുനിൽ (യുസി കോളേജ്).

ഉച്ചയ്ക്കു രണ്ടിന് ജൈവ വൈവിധ്യവും മാനവരാശിയുടെ നിലനിൽപ്പും. പ്രഭാഷകർ: ഒഡോണേറ്റ് സ്റ്റഡീസ് സൊസൈറ്റി സ്ഥാപക അംഗം ഡോ. സുജിത് വി ഗോപാലൻ, ഡോ. പ്രജീഷ് (സ്വാമിനാഥൻ ഫൗണ്ടേഷൻ). മോഡറേറ്റർ: പ്രൊഫ. ജോഷി.11നും 12നും സെമിനാറുകൾ കർത്തേടം സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിലാണ്. 11നു രാവിലെ 10:പൊക്കാളി കൃഷി നേരിടുന്ന പ്രശ്നങ്ങൾ:പ്രഭാഷകർ: പൊക്കാളി കർഷക പ്രതിനിധികളായ ചന്ദു, ജോസഫ്, കോരമ്പാടം സർവ്വീസ് സഹകരണ ബാങ്കിലെ ശ്രീലത.ഉച്ചയ്ക്കു രണ്ടിന് 'തീര സംരക്ഷണത്തിനും ആവാസവ്യവസ്ഥക്കും കണ്ടൽക്കാടുകളുടെ പ്രാധാന്യം. പ്രഭാഷകർ: കുസാറ്റിലെ ഡോ. എം ഹരികൃഷ്ണൻ, മാൻഗ്രൂവ് പ്രൊട്ടക്ഷൻ വാരിയറിലെ മുരുകേശൻ. മോഡറേറ്റർ: രഘു രാജൻ (ജിഡ).

12നു രാവിലെ 10: 'സർഗാത്മകതയും നിർമിത ബുദ്ധിയും'. പ്രഭാഷകർ: ഡോ. സുമിത്ര കെ വി (ടെക്നോവാലി ), രാജേഷ് കുമാർ (ടെക് നോവാലി ), ടീം റിലെയൻസ്.ഉച്ചയ്ക്കു രണ്ടിന്: ഉച്ചയ്ക്ക് രണ്ടിന്: 'അക്വാ കൾച്ചറും ഫിഷ്ഫാമിംഗും'. പ്രഭാഷകർ: ഡോ. എം ഹരികൃഷ്ണൻ, അഭിജിത്ത് (മത്സ്യഫെഡ്). മൂന്നു മുതൽ നാലുവരെ റോബോട്ടിക്സ് വർക്ഷോപ്പ്.13നു സെമിനാർ എടവനക്കാട് പുളിക്കനാട്ട് ഓഡിറ്റോറിയത്തിലാണ്. വിഷയം: സുസ്ഥിര വികസനം. പ്രഭാഷകർ:പ്രൊഫ. പി കെ രവീന്ദ്രൻ, സുധ നമ്പൂതിരി, സുഹാസ് ഐ എ എസ്. മോഡറേറ്റർ: ഡോ. ഹരീഷ് രാമനാഥൻ.ഉച്ചയ്ക്കു രണ്ടിനു 'ഭക്ഷ്യ സുരക്ഷ'. പ്രഭാഷകർ: കെ വി തോമസ്, നൈപുണ്യ കോളേജിലെ ഡോ. ജോൺ, ഡോ. ശിൽപ ജോസ് (സെന്റ് തെരേസാസ് കോളേജ്).




# കേരള ജെം ആൻഡ് ജ്വല്ലറി ഷോ ആറു മുതൽ അങ്കമാലിയിൽ

**കൊച്ചി:** കേരള ജെം ആൻഡ് ജ്വല്ലറി ഷോ (കെ.ജി.ജെ.എസ് 2024) ഡിസംബർ 6 മുതൽ 8 വരെ കൊച്ചിയിലെ അങ്കമാലിയിലെ അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ ആൻഡ് എക്സിബിഷൻ സെന്ററിൽ നടക്കും.കല്യാൺ ജ്വല്ലേഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി എസ് കല്യാണരാമൻ, ജോയ് ആലുക്കാസ് ജ്വല്ലറി ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോയ് ആലുക്കാസ്, ഭീമ ജ്വല്ലറി ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ.ബി.ഗോവിന്ദൻ എന്നിവർ ചേർന്ന് ഷോയുടെ ഉദ്ഘാടനം നിർവ്വഹിക്കും. ജോസ് ആലുക്കാസ് ഗ്രൂപ്പിന്റെ പോൾ ജോസ് ആലുക്ക, വർഗീസ് ജോസ് ആലുക്ക, ജോൺ ജോസ് ആലുക്ക തുടങ്ങിയ വ്യവസായ പ്രമുഖരും ഉദ്ഘാടനത്തിൽ പങ്കെടുക്കും.സ്വർണം, വജ്രം, പ്ലാറ്റിനം, വെള്ളി , അനുബന്ധ വസ്തുക്കൾ, നൂതന ഉപകരണങ്ങൾ സാങ്കേതികവിദ്യകൾ എന്നിവയ്ക്കായുള്ള പവലിയനുകൾ ഉൾക്കൊള്ളുന്ന ഏകദേശം 200 സ്റ്റാളുകൾ എക്സ്പോയിൽ പ്രദർശിപ്പിക്കും.രാജ്യത്തുടനീളമുള്ള ആഭരണ നിർമ്മാതാക്കൾ, ജ്വല്ലറി ആർട്ടിസൻസ്, പ്രമുഖ ഡിസൈനർമാർ, സാങ്കേതികവിദ്യാ സേവന ദാതാക്കൾ, മൊത്തക്കച്ചവടക്കാർ, റീട്ടെയിൽ ജ്വല്ലറികൾ അന്താരാഷ്ട്ര സ്ഥാപനങ്ങൾ തുടങ്ങിയവരാണ് മേളയിൽ എത്തുന്നത്.

ജ്വല്ലറി വ്യാപാരത്തിലെ പ്രശസ്ത കൺസൾട്ടിംഗ് സ്ഥാപനമായ പി.വി.ജെ എൻഡവേഴ്സ്, ആർട്ട് ഓഫ് ജ്വല്ലറി (എ.ഒ.ജെ) മീഡിയ, കെ.എൻ സി സർവീസസ് എന്നിവരൊരുക്കുന്ന 17 മത് വ്യാപാര മേളയാണിത്. സംസ്ഥാന സർക്കാർ, എംഎസ്എംഇ ഇൻഡസ്ട്രിയൽ പ്രൊമോഷൻ ഡിപ്പാർട്ട്മെന്റ്, ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ (ഐടിപിഒ), എന്നിവയുടെ പിന്തുണയും പ്രമുഖ ജെം ആൻഡ് ജ്വല്ലറി സംഘടനകളുടെ പ്രാതിനിധ്യവും സമ്മേളനത്തിനുണ്ട്.ജ്വല്ലറി നിർമ്മാതാക്കളുടെയും കച്ചവടക്കാരുടെയും സമഗ്രമായ വളർച്ച ലക്ഷ്യമിട്ടാണ് വ്യാപാരമേള സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ രത്ന, ആഭരണ വിപണിയെ പുതിയ ഉയരങ്ങളിലേക്ക് ഇത് നയിക്കുമെന്ന്പിവിജെ എൻഡവേഴ്സ് ചെയർമാൻ പി.വി ജോസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

ജ്വല്ലറി നിർമ്മാതാക്കൾ, ഡിസൈനർമാർ, ടെക്നോളജി ദാതാക്കൾ, മൊത്തക്കച്ചവടക്കാർ തുടങ്ങി രാജ്യത്തെ ആഭരണ വ്യവസായത്തെ പ്രതിനിധീകരിക്കുന്നവരെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഷോ യാണിതെന്ന് ആർട്ട് ഓഫ് ജ്വല്ലറി മാനേജിംഗ് ഡയറക്ടറും ചീഫ് എഡിറ്ററുമായ സുമേഷ് വാധേര പറഞ്ഞു.

മുംബൈ, അഹമ്മദാബാദ്, രാജ്കോട്ട്, ജയ്പൂർ, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, കേരളം തുടങ്ങിയ ജ്വല്ലറി ഹബ്ബുകളിൽ നിന്നുള്ള പ്രമുഖ നിർമ്മാതാക്കളുടെ ഡിസൈനുകൾ , ഭാരം കുറഞ്ഞ ആഭരണങ്ങൾ, 18 കെ സ്വർണം, ഡയമണ്ട് ആഭരണങ്ങൾ, എന്നിവയുൾപ്പെടെയുള്ള ശേഖരങ്ങളുടെ വിപുലമായ ഒരു നിര തന്നെ ഷോ ഒരുക്കും. കേരളത്തിന്റെ പരമ്പരാഗത ആഭരണങ്ങൾക്ക് ആഗോള സാധ്യതകളുണ്ട്. ഇവയുടെ നിർമ്മാണ വിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്ന നിർണ്ണായക വേദി കൂടിയാണ് കെ.ജി.ജെ.എസ് എന്ന് കെഎൻസി സർവീസസ് സി.ഇ.ഒ ക്രാന്തി നാഗ്വേകർ പറഞ്ഞു. മെഷീൻ, സാങ്കേതികവിദ്യകൾ ഉപകരണ നിർമ്മാതാക്കൾ, സോഫ്റ്റ്വെയർ, അനുബന്ധ ഉൽപ്പന്നങ്ങൾ, പാക്കേജിംഗ്, ഡിസ്പ്ലേ വിദഗ്ധർ, വിവിധ സേവന ദാതാക്കൾ എന്നിവ ഉൾപ്പെടുന്ന നിർമ്മാണ മേഖലയുടെ വലിയ പ്രതിനിധ്യവും ഷോയിലുണ്ടാവും.രാവിലെ 10:00 മുതൽ വൈകിട്ട് 6:00 വരെയാണ് എക്സിബിഷൻ.ജ്വല്ലറി ഡീലർമാർ, ആർട്ടിസൻസ് എന്നിവരുൾപ്പെടെയുള്ള വ്യാപാര പ്രൊഫഷണലുകൾക്ക് ബിസിനസ്സ് ബന്ധം മെച്ചപ്പെടുത്താനും ഏറ്റവും പുതിയ വ്യവസായ രീതികൾ മനസ്സിലാക്കാനുമുള്ള മികച്ച അവസരമാണ് ബി.ടു.ബി ഷോ ഒരുക്കുന്നത്. 16 വയസ്സിന് മുകളിലുള്ളവർക്ക് മാത്രം പ്രവേശനം.പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കില്ല.

# പെപ്പർ അവാർഡ് ദാനം ഇന്ന്

**കൊച്ചി :** പെപ്പർ ക്രീയേറ്റീവ് അവാർഡുകൾ ഡിസംബർ 6ന് കൊച്ചിയിലെ താജ് വിവാന്ത ഹോട്ടലിൽ സമ്മാനിക്കും.അവാർഡ് ദാന ചടങ്ങിന് മുൻപ് വൈകീട്ട് 4.30 നു ആരംഭിക്കുന്ന പാനൽ ചർച്ചയിൽ ഇന്ത്യൻ പരസ്യ രംഗത്തെ പ്രശസ്തരായ 4 ക്രീയേറ്റീവ് ഡയറക്ടർ മാർ സദസ്സിനെ അഭിമുഖീകരിക്കും. മുംബൈ ആസ്ഥാനമായ മാനിഫെസ്റ്റ് മീഡിയയിലെ ഫീച്ചേഴ്സ് എഡിറ്റർ അനുപമ സജിത് മോഡറേറ്റർ ആയിരിക്കും.

വൈകീട്ട് 6.30 നു ആരംഭിക്കുന്ന അവാർഡ് ദാന ചടങ്ങ് ഐ എൻ എസ് പ്രസിഡന്റും മാതൃഭൂമി ഗ്രൂപ്പ് മാനേജിങ് ഡയറക്ടറുമായ എം വി ശ്രേയംസ് കുമാർ ഉത്ഘാടനം ചെയ്യും.ഏജൻസി ഓഫ് ദി ഇയർ, അഡ്വെർടൈസർ ഓഫ് ദി ഇയർ , സംസ്ഥാന തല ബെസ്റ്റ് ഏജൻസി എന്നിവയ്ക്ക് പുറമെ 50 വിഭാഗങ്ങളിലാണ് അവാർഡുകൾ നൽകുക.

കൂടാതെ ജൂറി സ്പെഷ്യൽ അവാർഡുകളും ഉണ്ടായിരിക്കും . കേരളത്തിലെ പരസ്യ ഏജിൻസികൾക്കായി ജ്വല്ലറി , റിയൽ എസ്റ്റേറ്റ് , ആയുർവേദ, ടെക്സ്റ്റയിൽ , ഹോസ്പിറ്റാലിറ്റി , മീഡിയ , ബാങ്കിങ് , ഹെൽത്ത്കെയർ , എഡ്യൂക്കേഷൻ , റീറ്റെയ്ൽ, സിനിമ എന്നീ മേഖലകളിലെ പരസ്യങ്ങൾക്ക് പ്രത്യേക അവാർഡുകൾ നൽകും.ഇന്ത്യയിലും വിദേശത്തും സങ്കടിപ്പിക്കുന്ന നിരവധി ക്രീയേറ്റീവ് അവാർഡുകൾക്കു വിധികർത്താക്കൾ ആയിരുന്ന 7 ക്രീയേറ്റീവ് ഡയറക്ടർമാരായിരിന്നു ഈ വർഷത്തെ പെപ്പർ അവാർഡിന്റെ ജൂറി അംഗങ്ങൾ മുൻ വർഷങ്ങളെ അപേക്ഷിച് ഈ വർഷം അന്താരാഷ്ട്ര നിലവാരമുള്ള കൂടുതൽ കാറ്റഗറികളും സബ് കാറ്റഗറികളും ഞങ്ങൾ ഉൾപ്പെടുത്തി, ഇതുമൂലം കൂടുതൽ അവാർഡുകൾ നേടാൻ പങ്കെടുക്കുന്നവർക്ക് അവസരം ലഭിച്ചു ' അവാർഡ് ചെയർമാൻ പി കെ നടേഷ് പറഞ്ഞു .ദക്ഷിണേന്ത്യലിലുള്ള 130 ഇൽപരം പരസ്യ ഏജൻസികൾ, മാധ്യമ സ്ഥാപനങ്ങൾ, ഡിജിറ്റൽ ഏജൻസികൾ, ഫോട്ടോഗ്രാഫേഴ്സ് , പരസ്യ സിനിമ നിർമാതാക്കൾ എന്നിവരിൽ നിന്നും 600 ഇൽ കൂടുതൽ എൻട്രികൾ ഈ വർഷം അവാർഡിനായി ലഭിച്ചു. 160ഓളം അവാർഡുകൾ ആണ് ഈവർഷം വിജയികൾക്കായി കാത്തിരിക്കുന്നത്

പെപ്പർ ട്രസ്റ്റ് ചെയർമാൻ കെ വേണുഗോപാൽ പറഞ്ഞു ' .പെപ്പർ ട്രസ്റ്റ് സെക്രട്ടറി ജി ശ്രീനാഥ്, ട്രെഷറർ ആർ മാധവമേനോൻ, ട്രസ്റ്റിമാരായ വിനയ്കുമാർ, യു എസ് കുട്ടി, സുദീപ് കുമാർ , ലക്ഷ്മൺ വർമ്മ, അനിൽ ജെയിംസ് , ചിത്രപ്രകാശ് , രാജീവ് മേനോൻ , സന്ദീപ് നായർ , വർഗീസ് ചാണ്ടി, ഉണ്ണികൃഷ്ണൻ, സ്കന്ദരാജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു .കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 75599 50909 ; 98460 50589

# സൈൻഎൽആർ 74 കോടി രൂപ സമാഹരിച്ചു

**കൊച്ചി:** ഇന്ത്യൻ ഡീപ് ടെക് റോബോട്ടിക് സ്റ്റാർട്ട് അപായ സൈബർനെറ്റിക് ലബോറട്ടറി (സൈൻഎൽആർ) സീരീസ് എ ഫണ്ടിങിലൂടെ 74 കോടി രൂപ (10 ദശലക്ഷം ഡോളർ) സമാഹരിച്ചു. പെവ്സ്റ്റോൺ ആന്റ് അതേറ വെന്റർ പാർട്ട്ണേഴ്സ് വഴി നടത്തിയ ഈ സമാഹരണത്തോടെ ഈ സ്റ്റാർട്ട് അപിലേക്കുള്ള ആകെ നിക്ഷേപം 15.2 ദശലക്ഷം ഡോളറായി ഉയർന്നു.

നിലവിലുള്ള നിക്ഷേപകരായ സെപ്ഷൽ ഇൻവെസ്റ്റ്, റെഡ് സ്റ്റാർട്ട് തുടങ്ങിയവരും പുതിയ ധനസമാഹരണത്തിൽ പങ്കാളികളായിട്ടുണ്ട്. റോബോട്ടുകളുടെ കഴിവുകൾ ഉയർത്തുന്ന രീതിയിൽ അടിസ്ഥാന സാങ്കേതികവിദ്യ കൂടുതൽ ശക്തമാക്കാൻ പുതിയ നിക്ഷേപങ്ങൾ പിന്തുണയേകും. വൻകിട ഫാക്ടറികളുടെ വലുപ്പം കുറക്കുവാനും ഏതിനം ഉൽപന്നമായാലും ചെറിയ ഫാക്ടറികളിലൂടെ നിർമിക്കാനും ഈ രംഗത്തെ മുന്നേറ്റങ്ങൾ സഹായകമാകും.

ഗവേഷണ വികസന രംഗത്തെ നീക്കങ്ങൾക്ക് ഒപ്പം തന്നെ ഇന്ത്യ, അമേരിക്ക, സ്വിറ്റ് സർലാന്റ് എന്നിവിടങ്ങളിലായി വിപണന, ബിസിനസ് രംഗത്തെ പ്രവർത്തനങ്ങളും വിപുലീകരിക്കാൻ സൈൻഎൽആർ പദ്ധതിയിടുന്നുണ്ട്. റോബോട്ടിക് രംഗത്ത് ഇന്ത്യയിലെ ഗവേഷണങ്ങൾ പുതിയ തലത്തിലേക്ക് എത്തിക്കാൻ സൈൻഎൽആർ ബംഗലൂരുവിൽ 13,000 ചതുരശ്ര അടിയിലെ റോബോട്ടിക് ലാബ് സ്ഥാപിച്ചിരുന്നു.

2026ഓടെ ഇവിടെയുള്ള റോബോട്ടിക് സംവിധാനങ്ങളുടെ ശേഷി ഇരട്ടിയാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

എൻ എ ഗോകുലും നിഖിൽ രാമസ്വാമിയും ചേർന്ന് 2019ലാണ് ഇന്ത്യൻ ഡീപ് ടെക് റോബോട്ടിക് സ്റ്റാർട്ട് അപായ സൈൻഎൽആർ സ്ഥാപിച്ചത്.

# ഇവിഎം തദ്ദേശീയമായി നിർമ്മിച്ച സ്റ്റോറേജ് സൊല്യൂഷനുകൾ പുറത്തിറക്കി

**മുംബൈ:** മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പ്യൂട്ടിംഗ്, മൊബിലിറ്റി ഉൽപ്പന്നങ്ങളുടെ പ്രമുഖ വെൻഡറും ഐടി സ്റ്റോറേജ് സൊല്യൂഷൻസ് രംഗത്തെ പ്രമുഖ കമ്പനിയുമായ ഇവിഎമ്മിന്റെ ബ്രാൻഡ് ഉടമകളായ ഹുണ്ടിയ ഇൻഫോ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എസ്എസ്ഡികൾ, റാം, മറ്റ് അത്യാധുനിക സൊല്യൂഷനുകൾ എന്നിവയുൾപ്പെടെ മെയ്ഡ് ഇൻ ഇന്ത്യ സ്റ്റോറേജ് ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നു. സാധാരണ ഉപഭോക്താക്കളുടെയും വ്യവസായ പ്രൊഫഷണലുകളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നവീന ആശയങ്ങൾ സ്വീകരിച്ച് തദ്ദേശീയമായി നിർമ്മിച്ച സ്റ്റോറേജ് സൊല്യൂഷനുകളുടെ ഭാഗമായ ഡിഡിആർ 4, ഡിഡിആർ 5 റാം മൊഡ്യൂളുകൾക്കൊപ്പം സാറ്റ, എൻവിഎംഇ എസ്എസ്ഡികളുടെ ശ്രേണിയിലാണ് ഇവിഎമ്മിന്റെ തുടക്കം. ഇവിഎമ്മിന്റെ മെയ്ഡ്ഇൻഇന്ത്യ ഉൽപ്പന്നങ്ങൾ മികച്ച ഈട്, വിശ്വാസ്യത, പ്രകടനം എന്നിവ നൽകുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ സൊല്യൂഷനുകൾക്ക് അഞ്ച് മുതൽ 10 വർഷം വരെ വാറന്റി ലഭിക്കും. വിൽക്കുന്ന ഓരോ ഉൽപ്പന്നത്തിൽ നിന്നും 10 രൂപ വീതം ഇവിഎം കുട്ടികളുടെ കാൻസർ ചികിത്സയ്ക്കായി സംഭാവന ചെയ്യുന്നുണ്ട്. 'ബൈ വൺ ഗിവ് ടെൻ' സംരംഭത്തിലൂടെ, ശക്തവും സ്വാശ്രയവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനൊപ്പം ക്യാൻസറിനെതിരായ കുട്ടികളുടെ പോരാട്ടത്തിന്റെ ഭാഗമാകുകയാണെന്നു ഇവിഎം ഇന്ത്യ സിഇഒ വിശാൽ ഹുണ്ടിയ പറഞ്ഞു.



# വൈവിധ്യമാർന്ന കാഴ്ചകളും ആഘോഷങ്ങളും; സഞ്ചാരികളെക്കാത്ത് ദുബായ്

**ദുബായ്**: ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ, മരുഭൂമി സഫാരികൾ, ക്യാമ്പിംഗ്, വിന്റർ മാർക്കറ്റുകൾ തുടങ്ങി വിവിധ കാഴ്ചകളും ആഘോഷപരിപാടികളുമൊരുക്കി ദുബായ് ഡിസംബർ മാസത്തെ വരവേൽക്കാനൊരുങ്ങുന്നു. തണുത്ത കാലാവസ്ഥ, ഔട്ട്ഡോർ അനുഭവങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ കുടാതെ യുഎഇ ദേശീയ ദിനവും എമിറേറ്റ്സ് ദുബായ് 7 എസ്, പുതുവത്സരാഘോഷങ്ങളും ഡിസംബറിൽ നടക്കും.

ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ (ഡിഎസ്എഫ്) 30ാമത് പതിപ്പ് 2024 ഡിസംബർ 6 മുതൽ 2025 ജനുവരി 12 വരെ നടക്കും.. നഗരത്തിലെ ഏറ്റവും ജനപ്രിയ റീട്ടെയിൽ കേന്ദ്രങ്ങളായ ദുബായ് മാൾ, മാൾ ഓഫ് എമിറേറ്റ്സ് എന്നിവയിലുൾപ്പെടെ നടക്കുന്ന ഡിഎസ്എഫ് ഡിസംബർ 6 മുതൽ 8 വരെ അരങ്ങേറുന്ന 321 ഫെസ്റ്റിവലോടെയാണ് ആരംഭിക്കുന്നത്.ഔട്ട്ഡോർ അനുഭവങ്ങളുടെ ഭാഗമായി മരുഭൂമി സഫാരികൾ, കാൽനടയാത്ര, മൗണ്ടൻ ബൈക്കിംഗ്, ശുദ്ധജല തടാകങ്ങളിൽ കയാക്കിംഗ്, ക്യാമ്പിംഗ്, ഗ്ലാംപിംഗ് എന്നിവയുടെ ഭാഗമാകാം..അറ്റ്ലാന്റിസ്, ദി പാം, ജുമൈറയിലെ വൈൽഡ് വാഡി എന്നിവയുൾപ്പെടെ ദുബായിലെ ജനപ്രിയ വാട്ടർപാർക്കുകളിൽ കുടുംബസമേതം ആഘോഷിക്കാനുള്ള അവസരവും ഈ ഡിസംബറിൽ ലഭിക്കും, ദുബായിലെ വിന്റർ സിറ്റി, ദുബായ് മീഡിയ സിറ്റി, ആംഫി തിയേറ്ററിലെ വിന്റർ ഡിസ്ട്രിക്റ്റ്, സൂക്ക് മദീനത്ത് ജുമൈറയുടെ ക്രിസ്മസ് മാർക്കറ്റ്, ഹബ്തൂർ പാലസ് ദുബായിലെ വിന്റർ ഗാർഡൻ എന്നിവയാണ് മറ്റ് പ്രധാന ആകർഷണങ്ങൾ. ഉം സുഖീമിലെ കൈറ്റ് ബീച്ച് ഉൾപ്പെടെ നിരവധി ബീച്ചുകളും ഈ ശൈത്യകാലത്ത് സഞ്ചാരികൾക്കായി ഒരുങ്ങിക്കഴിഞ്ഞു.



# പുതിയ കിച്ചൺ ഗാലറിയുമായി ഗോദ്റെജ് ഇന്റീരിയോ

**കൊച്ചി:** ദക്ഷിണേന്ത്യൻ വിപണിയിൽ സാന്നിധ്യം ശക്തമാക്കുന്നതിന്റെ ഭാഗമായി ഗോദ്റെജ് ഇന്റീരിയോ കൊച്ചിയിൽ പുതിയ കിച്ചൺ ഗാലറി തുറന്നു. 900 ചതുരശ്ര അടിയിലധികമുള്ള ഗാലറിയിലൂടെ കൊച്ചിയിലെ പ്രീമിയം അടുക്കളയിടങ്ങളെയാണ് കമ്പനി ലക്ഷ്യം വയ്ക്കുന്നത്. സീപ്പോർട്ട് എയർപ്പോർട്ട് റോഡിൽ ഇരുമ്പനത്താണ് പുതിയ സ്റ്റോർ. മോഡുലാർ അടുക്കളയുടെ ഒരു വലിയ ശ്രേണിയാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.പുതിയ സ്റ്റോർ തുറന്നത് പ്രമാണിച്ച് ഗോദ്റെജ് ഇന്റീരിയോയുടെ എല്ലാ ഉൽപ്പന്നങ്ങൾക്കും 25% വരെ കിഴിവും സൗജന്യമായി ഒരു അടുക്കള സമ്മാനമായി നേടാനും അവസരം ഒരുക്കിയിട്ടുണ്ട്. കൊച്ചിയിലെ ഈ പുതിയ കിച്ചൺ ഗാലറി പ്രീമിയം ഗുണനിലവാരത്തിലും പ്രവർത്തനക്ഷമതയിലും അടുക്കളയിടങ്ങളെ സമ്പന്നമാക്കാനുള്ള തങ്ങളുടെ ശ്രമങ്ങളെ അടിവരയിടുന്നതാണെന്ന് ഗോദ്റെജ് ഇന്റീരിയോ സീനിയർ വൈസ് പ്രസിഡന്റും കൺസ്യൂമർ ബിസിനസ് മേധാവിയുമായ ഡോ. ദേവ് നാരായൺ സർക്കാർ പറഞ്ഞു.ആധുനിക അടുക്കളകളുടെ മോടി കൂട്ടാനുള്ള പുതിയ ആശയങ്ങൾ ഷോറൂമിൽ നിന്നും നേരിട്ട് കണ്ട് മനസിലാക്കാം. വൈവിധ്യമാർന്ന ശൈലികൾ, ഡിസൈനുകൾ, വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റോറിലെത്തുന്ന ഉപഭോക്താക്കളെ വളരെയേറെ ആകർഷിക്കുന്നതാണ്. 2025 സാമ്പത്തിക വർഷം അവസാനത്തോടെ കേരളത്തിൽ അഞ്ച് ഷോറൂമുകൾ കൂടി ആരംഭിക്കും. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 20% വളർച്ച നേടാനും കേരളത്തിൽ നിന്നും 15 കോടി രൂപയുടേയും ദക്ഷിണേന്ത്യയിൽ നിന്ന് 70 കോടി രൂപയുടേയും വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# കാസർഗോഡ് പുതിയ ഫിനാൻഷ്യൽ സെൻററുമായി യുടിഐ മ്യൂച്ചൽ ഫണ്ട്

**കാസർഗോഡ്:** ഇന്ത്യയിലെ മുൻനിര അസറ്റ് മാനേജ്മെൻറ് സ്ഥാപനങ്ങളിലൊന്നായ യുടിഐ അസറ്റ് മാനേജ്മെൻറ് കമ്പനി (യുടിഐ എഎംസി) കാസർഗോഡ് പുതിയ ഫിനാൻഷ്യൽ സെൻറർ ആരംഭിച്ചു. കാസർഗോഡ് നെല്ലിക്കുന്ന് റോഡിലെ ഗീത കോംപ്ലക്സിലെ ഒന്നാം നിലയിലാണ് പുതിയ സെൻറർ. ഇന്ത്യയുടെ തെക്ക്, കിഴക്ക്, വടക്കുകിഴക്കൻ മേഖലയിലുടനീളം 19 പുതിയ യുടിഐ ഫിനാൻഷ്യൽ സെൻററുകൾ (യുഎഫ്സി) തുറക്കുമെന്ന് 2024 നവംബർ 18ന് കമ്പനി പ്രഖ്യാപിച്ചതിൻറെ ഭാഗമായാണിത്. സാമ്പത്തിക ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും മ്യൂച്ചൽ ഫണ്ട് നിക്ഷേപങ്ങളിലൂടെ ബി30 നഗരങ്ങളിൽ നിന്നും അതിനപ്പുറമുള്ള നിക്ഷേപകരെ മുഖ്യധാരാ സാമ്പത്തിക മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ഇത് രാജ്യത്തുടനീളം വ്യാപിപ്പിക്കുവാനും യുടിഐ ലക്ഷ്യമിടുന്നു.തങ്ങളുടെ പദ്ധതികളുടെ മുഴുവൻ ശ്രേണികളും നിക്ഷേപരുടെ അടുത്ത് തടസ്സമില്ലാതെ ലഭ്യമാക്കാനാണ് പുതിയ യുടിഐ ഫിനാൻഷ്യൽ സെൻററുകൾ തുറക്കുന്നത്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി മ്യൂച്ചൽ ഫണ്ട് നിക്ഷേപങ്ങളിൽ വ്യക്തിഗത നിക്ഷേപകരുടെ പ്രത്യേകിച്ച് ബി30 നഗരങ്ങളിലെ പങ്കാളിത്തത്തിലെ വളർച്ച ശ്രദ്ധേയമാണ്. തങ്ങളുടെ വിപുലീകരണ നീക്കം അവബോധം സൃഷ്ടിക്കുന്നതിനും മ്യൂച്ചൽ ഫണ്ട് നിക്ഷേപങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനുമുള്ള ദീർഘകാല കാഴ്ചപ്പാടിൻറെ ഭാഗമാണെന്ന് എംഡിയും സിഇഒയുമായ ഇംതയ്യാസുർ റഹ്മാൻ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com